ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 10
2025 ഒക്ടോബർ

# പാവമുതലാളി

**ക**ളിപ്പാട്ട വിപണിയിലെ പുതിയ ട്രെന്റാണ് 'ലബുബു' പാവകൾ. ചൈനയിലെ അതിസമ്പന്നരിൽ മുന്നിലെത്തിയിരിക്കുകയാണിപ്പോൾ ലബുബു മുതലാളി. ചിലർക്ക് സന്തോഷം നൽകുകയും ചിലരെ പേടിപ്പെടുത്തുകയും ചെയ്യുന്ന മാന്ത്രികപ്പാവകളായിട്ടാണ് ഇവ നിർമിച്ചിരിക്കുന്നത്. കൂർത്ത ചെവിയും ചാരനിറത്തിലുള്ള വലിയ കണ്ണുകളും കൂർത്ത പല്ലുകളുമുള്ള ഈ പാവകൾ നിർമ്മിക്കപ്പെട്ട് വർഷങ്ങൾ കഴിഞ്ഞാണ് ജനങ്ങൾക്കിടയിൽ ഹിറ്റാകുന്നത്.

ചൈനീസ് കളിപ്പാട്ട നിർമ്മാതാക്കളായ പോപ്മാർട്ടാണ് ലബുബു പാവകൾ പുറത്തിറക്കിയത്. വിപണിയിൽ ആവശ്യക്കാരേറിയതോടെ വൻതോതിൽ പാവകൾ വിറ്റഴിഞ്ഞു.



അതോടെ, പോപ്മാർട്ട് ഇന്റർനാഷണലിന്റെ സ്ഥാപകനായ വാങ്നിങ് ചൈനയിലെ ഏറ്റവും ധനികരായ 10 ശതകോടീശ്വരന്മാരിലൊരാളായി മാറുകയും ചെയ്തു.

2025 ജൂലൈ 3 ലെ കണക്കനുസരിച്ച്, പോപ്മാർട്ട് സ്ഥാപകനും സിഇഒയുമായ വാങ്നിങ് ചൈനയിലെ ഏറ്റവും ധനികരായ പത്താമത്തെ വ്യക്തിയാണ്. ഒരു ചെറിയ ലബുബു പാവയുടെ വില 5 യുഎസ് ഡോളർ; അതായത് ഏകദേശം 429 രൂപയാണ്. 30 ഇഞ്ച് വലുപ്പമുള്ള ലബുബുപാവയ്ക്ക് 1,500 യുഎസ് ഡോളർ അഥവാ ഏകദേശം 1,28,758 രൂപ വില വരും. പല വലുപ്പത്തിലും നിറങ്ങളിലുമുള്ള പാവകൾ ഇവർ നിർമിക്കുന്നുണ്ട്. ഇതിലൂടെ 21.1 ബില്യൺ യുഎസ് ഡോളർ, അഥവാ 180 കോടിക്കുമുകളിൽ വരും വാങ്നിങിന്റെ ലാഭം.

# എല്ലാം നമ്മുടെ നന്മയ്ക്ക്

മരുഭൂമിയുടെ ഓരത്തായിരുന്നു ആ നല്ല മനുഷ്യൻ കുടുംബസമേതം ജീവിച്ചിരുന്നത്. അത്യാവശ്യ സേവനങ്ങൾക്കായി ആ കുടുംബം ഒരു പൂവൻകോഴിയെയും നായയെയും കഴുതയെയും പോറ്റിയിരുന്നു. പൂവൻകോഴി എല്ലാദിവസവും അവരെ പ്രഭാതനിസ്കാരത്തിന് വിളിച്ചുണർത്തും. നായ അവരുടെ വീടിനും സമ്പത്തിനും കാവൽ നിൽക്കും, കഴുതയാകട്ടെ, അവരുടെ വീട്ടിലേക്കാവശ്യമായ വെള്ളവും ഭക്ഷണസാധനങ്ങളും മറ്റും ചുമന്നു കൊണ്ടുവരും.

അങ്ങനെ ഒരു വിധം സുഖമായി കഴിയവെ, ഒരു ദിവസം പൂവൻകോഴിയെ കുറുക്കൻ പിടിച്ചുകൊണ്ടുപോയി. അപ്പോൾ വീട്ടിലെ സ്ത്രീകളും കുട്ടികളും വിഷമത്തോടെ പറഞ്ഞു: ‘നമ്മുടെ പൂവൻകോഴി പോയല്ലോ, ഇനിയാരാണ് നമ്മെ പുലർച്ചക്ക് വിളിച്ചുണർത്തുക?’

അതുകേട്ട് ആ നല്ല മനുഷ്യൻ അവരെ സമാധാനിപ്പിച്ചു: ‘വിഷമിക്കേണ്ട. ആ കോഴി നഷ്ടപ്പെട്ടതിൽ അല്ലാഹു നമുക്ക് എന്തെങ്കിലും നന്മ ഉദ്ദേശിച്ചിരിക്കാം.




**BALA KUSUMAM**
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

സമയത്തിനുണരാൻ നമ്മൾ മനസ്സിൽ ഒരു ഉറച്ച തീരുമാനമെടുത്ത് ഉറങ്ങിയാൽ മതി.'

അങ്ങനെ കഴിയവെ, അവരുടെ നായ ഒരു ദിവസം ചത്തുപോയി. വീട്ടുകാരെ മുഴുവൻ അത് ദുഃഖത്തിലാഴ്ത്തി. 'ഇനിയാരാണ് നമുക്ക് കാവൽ നിൽക്കുക' എന്നു ചോദിച്ചുകൊണ്ട് അവർ വിഷമം പ്രകടമാക്കി. അപ്പോഴും ആ നല്ല മനുഷ്യൻ പറഞ്ഞു: 'വിഷമിക്കേണ്ട, നായ ചത്തുപോയതും നമ്മുടെ ഗുണത്തിനു വേണ്ടിയായിരിക്കാം.'

'എന്തു ഗുണം? നമ്മുടെ വീടിന്റെ കാവൽക്കാരനല്ലേ നഷ്ടമായത്?' അവർ പിന്നെ



## ഡിജിറ്റൽ കേരള

ഇന്ത്യയിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷര സംസ്ഥാനം എന്ന ബഹുമതി കേരളം സ്വന്തമാക്കി. ഓഗസ്റ്റ് 21 നു തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനാണ് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്.


യും പറഞ്ഞു. 'അതിൽ അല്ലാഹു നമുക്കെന്തെങ്കിലും നന്മ ഉദ്ദേശിച്ചിരിക്കാം' എന്നായിരുന്നു ആ മനുഷ്യന്റെ പ്രതികരണം.


അധികനാൾ കഴിഞ്ഞില്ല; അവരുടെ കഴുതയെ കാണാതായി. അപ്പോൾ വീട്ടുകാരെല്ലാം വലിയ സങ്കടത്തിലായി. 'ചരക്കുകൾ ചുമന്നുകൊണ്ടുവരാൻ ഇനി നമ്മളെന്തു ചെയ്യും? ഒരു കഴുതയെ വാങ്ങാനുള്ള പണം നമ്മുടെയടുത്തില്ലല്ലോ.' അവർ പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴും ആ നല്ല മനുഷ്യൻ സമാധാനിപ്പിച്ചു: 'വിഷമിക്കേണ്ട, എല്ലാം നമ്മുടെ ഗുണത്തിനായിരിക്കും.'


അല്പം പ്രയാസപ്പെട്ടാണെങ്കിലും അങ്ങനെ കഴിയവെ, ഒരു രാത്രിയിൽ ആ ഗ്രാമത്തിൽ കവർച്ചക്കാരെത്തി. ആ നല്ല മനുഷ്യന്റെ വീടൊഴികെ അയൽവീടുകളിലെല്ലാം കയറി അവർക്കുള്ളതെല്ലാം അടിച്ചുമാറ്റി. പലരെയും പിടിച്ചുകൊണ്ടുപോയി. നല്ല മനുഷ്യന്റെ വീട്ടിലേക്ക് കൊള്ളക്കാർ വന്നതേയില്ല.


അത്ഭുതത്തോടെ കാര്യങ്ങൾ പരിശോധിച്ചപ്പോഴാണ് അവർക്കതിന്റെ രഹസ്യം പിടികിട്ടിയത്, നായയും കഴുതയുമൊക്കെയുള്ള വീടുകളാണ് കൊള്ളയടിക്കപ്പെട്ടത്! ഇതൊന്നുമില്ലാതായ ആ നല്ല മനുഷ്യന്റെ വീട് അവിടെ താമസക്കാരില്ലെന്നു കരുതി കൊള്ളക്കാർ ഒഴിവാക്കുകയായിരുന്നു. (ഇമാം ഗസ്സാലി പറഞ്ഞ കഥ)

ജീവിതത്തിൽ നഷ്ടങ്ങളുണ്ടാവാം, ആപത്തുകൾ വന്നുചേരാം, അപ്പോഴൊക്കെയും ദുഃഖിക്കുകയോ പരാതികൾ പറഞ്ഞുകൊണ്ടിരിക്കുകയോ ചെയ്യാതെ അതിൽ വല്ല നന്മയുമുണ്ടാകുമെന്ന് കരുതി ക്ഷമിക്കുകയാണ് വേണ്ടത്.


സഫർ
അമ്മായീ, ഇതെന്താ ണിങ്ങനെ?
എന്താ സഫറേ? എന്തിനെക്കുറിച്ചാ നീ ചോദിക്കുന്നത്?
ഓരോരുത്തരും ഓ രോ മൂലയ്ക്കിരുന്ന് ഒ റ്റയ്ക്കാണല്ലോ ഭക്ഷ ണം കഴിക്കുന്നത്.
ഇവിടത്തെ പതിവങ്ങ നെയാ. ഒറ്റയ്ക്കിരുന്ന് കഴിച്ചാലേ അവർക്കൊ ക്കെ തൃപ്തിയാവൂ.
മുത്തുറസൂൽ(സ) പഠിപ്പിച്ചത് ഇങ്ങ നെയല്ലെന്ന് അമ്മാ യിക്കറിയില്ലേ?
ഭക്ഷണം കഴിക്കുന്ന രീതി യും മുത്തുറസൂൽ(സ) പഠിപ്പിച്ചിട്ടുണ്ടോ?


പിന്നില്ലാതെ? എല്ലാ കാര്യത്തിലും മുത്തുറസൂൽ (സ) നല്ല മാതൃക കാണിച്ചിട്ടുണ്ടല്ലോ.
ഈ ഉമ്മാക്ക് അതൊക്കെയൊന്ന് പറഞ്ഞുകൊടുക്ക് സഫറിക്കാ.
ഉമ്മ തന്ന്യാ ഞങ്ങളെ ഇങ്ങനെ ഓരോ മൂലയ്ക്കിരുന്നു ഭക്ഷണം കഴിക്കാൻ പഠിപ്പിച്ചത്.
എല്ലാവരും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന രീതിയാ റസൂൽ(സ) പഠിപ്പിച്ചത്. ഒരു സുപ്രയിൽ നിന്ന്, കഴിയുമെങ്കിൽ വലിയൊരു തളികയിൽ നിന്ന്.
ങേ!
ങാ, അങ്ങനെ തന്നെ. എന്നിട്ട് ഓരോരുത്തരും മുമ്പിലുള്ള ഭാഗത്തു നിന്നു മാത്രമെടുത്തു കഴിക്കണം.
പിന്നെ?
കൂടുതൽ ആളുകൾ ഒന്നിച്ചിരുന്നു കഴിക്കുന്നതാണുത്തമം. അതിൽ ബർകത്ത് വർദ്ധിക്കും.
ബർകത്തോ?


അതേ. ബർകത്ത് തന്നെ. നാം ഭക്ഷണം കഴിക്കുന്നത് വിശപ്പു മാറ്റാനും ശരീരത്തിൽ ആരോഗ്യമുണ്ടാകാനുമാണല്ലോ. ഭക്ഷണത്തിൽ ബർകത്തുണ്ടെങ്കിലേ ഈ കാര്യം നല്ല നിലയിൽ ലഭിക്കുകയുള്ളൂ. അതിനാണ് ഭക്ഷണത്തിൽ കൈകൾ വർദ്ധിപ്പിക്കണമെന്ന് റസൂൽ(സ) പറഞ്ഞത്.
കൈകൾ വർദ്ധിപ്പിക്കുകയോ? അതെങ്ങനെയാ?
എല്ലാവരും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക തന്നെ. അപ്പോൾ ഒരാളുടെ ഭക്ഷണം മൂന്നാൾക്കും രണ്ടാളുടെ ഭക്ഷണം നാലാൾക്കും നാലാളുടേത് എട്ടാൾക്കുമൊക്കെ മതിയാകുമെന്നും മുത്തുറസൂൽ(സ) പറഞ്ഞിട്ടുണ്ട്. അതിലൂടെ എല്ലാവർക്കും സന്തോഷവും സംതൃപ്തിയും ലഭിക്കുകയും ചെയ്യും.
അതുശരിയാ... കുറെ ആളുകൾ ഭക്ഷണം ഷെയർ ചെയ്തു കഴിക്കുമ്പോൾ നല്ല സന്തോഷമാകുമല്ലോ. കുറച്ചാണെങ്കിലും വയറു നിറഞ്ഞതായി തോന്നുകയും ചെയ്യും.
എന്നാൽ എല്ലാവരും ഇങ്ങോട്ടു വന്നാട്ടെ, നമ്മൾക്കൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കാം. സഫറേ, നീയും വന്ന് കൂട്ടത്തിലിരിക്ക്.



✍ ഷാക്കിർ തോട്ടിക്കൽ

ഒക്ടോബർ 2
ഗാന്ധിജയന്തി

# ഗാന്ധി യറിവുകൾ

**1869** ഒക്ടോബർ 2 ന് ഗുജ റാത്തിലെ പോർബന്തറിലാണ് ഗാന്ധിജിയുടെ ജനനം. ഗാന്ധിജിയുടെ അഹിംസ തത്വ ചിന്തയുടെ സ്മരണക്കായി ഐക്യരാഷ്ട്രസഭ 2007 മുതൽ എല്ലാവർഷവും ഒക്ടോബർ 2 രാജ്യാന്തര അഹിംസാദിനമായി ആചരിക്കുന്നു.


- ഇന്ത്യയുടെ രാഷ്ട്രപിതാവാണ് മഹാത്മാഗാന്ധിജി. മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്നാണ് പൂർണനാമം.
- സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിച്ച ഗാന്ധി അവ ജീവിതചര്യയായി മാറ്റുന്നതിൽ വിജയിച്ചു.
- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി അഭിഭാഷകനായി സേവനം ചെയ്യുന്ന കാലത്താണ് സത്യഗ്രഹം എന്ന സമരമാർഗം ആവിഷ്കരിച്ചത്.
- റൗലറ്റ് ആക്ട് എന്ന കരിനിയമത്തിനെതിരെ 1919 മാർച്ച് 30 ന് ഹർത്താൽ ആചരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തതോടെയാണ് നിസ്സഹകരണ സമരങ്ങൾക്ക് തുടക്കം

കുറിച്ചത്.

- ദക്ഷിണാഫ്രിക്കയിൽ വർണവിവേചനത്തിനെതിരെ പോരാടിയ ഗാന്ധിജി അവിടെ ഇന്ത്യൻ ഒപ്പീനിയൻ എന്ന പേരിൽ ഒരു പത്രം ആരംഭിക്കുകയും ടോൾസ്റ്റോയ് ഫാം എന്ന ആശ്രമം സ്ഥാപിക്കുകയും ചെയ്തു.
- 1915 ൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി ഗുജറാത്തിൽ സബർമതി ആശ്രമം സ്ഥാപിച്ചു.
- ജയിൽവാസത്തിനിടെയാണ് ഗാന്ധിജി 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ആത്മകഥ എഴുതിയത്.
- ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന നിസ്സഹകരണ പ്രസ്ഥാനം, ദണ്ഡിയാത്ര, ക്വിറ്റ് ഇന്ത്യ സമരം തുടങ്ങിയവ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഇടം പിടിച്ചു.
- പൗരാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി ലോകമെമ്പാടും പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങക്ക് അദ്ദേഹം പ്രചോദനം നൽകി.
- 1948 ജനുവരി 30 ന് നാഥൂറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ് ഗാന്ധിജി കൊല്ലപ്പെട്ടു.



# ഗാന്ധിമൊഴികൾ



» ഏതു ജോലിയും വിശുദ്ധമാണ്.

» നിങ്ങളെ അവർ അവഗണിക്കും, പരിഹസിക്കും, പുച്ഛിക്കും, ആക്രമിക്കും. എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം.

» പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

» ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല; തോൽവിയാണ്. കാരണം, ആ വിജയം നൈമിഷികമാണ്.

» എന്റെ ജീവിതമാണ് എന്റെ സന്ദേശം.

» പാപത്തെ വെറുക്കുക, പാപിയെ സ്നേഹിക്കുക.

» ഇന്നത്തെ പ്രവൃത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി.

» സമാധാനത്തിലേക്കൊരു പാതയില്ല; സമാധാനമാണ് പാത.

» കുട്ടിയുടെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള നന്മയെ വികസിപ്പിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.

» ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

» കോപം അഗ്നി പോലെയാണ്, നാശം വിതച്ചേ അതടങ്ങൂ.

» ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണുള്ളത്.

» എന്റെ ശരീരത്തെ നിങ്ങൾക്ക് തടവിലാക്കാം; എന്നാൽ, മനസ്സിനെ ചങ്ങലയ്ക്കിടനാവില്ല.

» നിർമലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല.

» നാളെ മരിക്കുമെന്നപോലെ ജീവിക്കുക. എന്നും ജീവിക്കുമെന്നപോലെ പഠിക്കുക.

ശാസ്ത്രശാല

# ലാവ ഫൺ

ഒരു പ്ലാസ്റ്റിക്ബോട്ടിലും ഡിറ്റർജന്റും ഉപയോഗിച്ച് വീടിനകത്തൊരു ചെറിയ അഗ്നിപർവ്വതം ഉണ്ടാക്കിയാലോ?

**ആവശ്യമായ വസ്തുക്കൾ:**
ഗോതമ്പുമാവ്, ഒരു പ്ലാസ്റ്റിക്ബോട്ടിൽ, വിനാഗിരി, ബേക്കിംഗ് സോഡ, ഡിറ്റർജന്റ്, ചുവന്ന ഫുഡ്കളർ, ഫ്രൈപാൻ, ടേബിൾസ്പൂൺ, ഒരു ടീസ്പൂൺ, അല്പം ചെറുചൂടുള്ള വെള്ളം.

**ചെയ്യേണ്ട വിധം:**

1. പാനിനകത്ത് സോഡാകുപ്പി നിവർത്തി വയ്ക്കുക.
2. വായ്ഭാഗം കാണുന്നവിധം കുപ്പിയുടെ ചുറ്റും ഒരു കോൺ പോലെ ഗോതമ്പുമാവ് വച്ചുറപ്പിക്കുക.
3. കുപ്പിയിൽ പകുതി ചൂടുവെള്ളം നിറച്ച് രണ്ടുതുള്ളി ചുവന്ന ഫുഡ് കളർ ചേർക്കുക.
4. കുപ്പിയിലേക്ക് 6 തുള്ളി ഡിറ്റർജന്റ് ചേർക്കുക, തുടർന്ന് 2 ടേബിൾസ്പൂൺ ബേക്കിംഗ് സോഡ ചേർക്കുക.
5. കുപ്പിയിലേക്ക് 2 ടീസ്പൂൺ വിനാഗിരി ഒഴിച്ച് അല്പം അകലേക്ക് മാറി നിൽക്കുക.



**സംഭവിക്കുന്നത്:**

കുപ്പിയിൽ നിന്ന് ചുവന്ന നിറത്തിൽ 'ലാവ' ഒഴുകുന്നതു കാണാം. ബേക്കിംഗ്സോഡയും വിനാഗിരിയും തമ്മിലുള്ള പ്രതിപ്രവർത്തനത്തിന്റെ ഫലമാണ് കുപ്പിയിൽ നിന്ന് പുറത്തുവരുന്ന ചുവന്ന 'ലാവ'. ഈ രണ്ടു രാസവസ്തുക്കളും കൂടിച്ചേരുമ്പോൾ, അവ കാർബൺ ഡൈഓക്സൈഡ് വാതകം സൃഷ്ടിക്കുന്നു. ഇത് നുരയും പതയും ഉണ്ടാക്കുന്നു.

അബൂതസ്നീം

# ഒരു കള്ളത്തിനു പിന്നാലെ

'ഇന്ന് വല്ലാത്തൊരു ദിവസമായിപ്പോയല്ലോ, എത്ര കളവുകളാണിന്നു പറയേണ്ടി വന്നത്! അതും നിസ്സാരമായൊരു കാര്യത്തിനുവേണ്ടി!' കുഞ്ഞുമോന് സങ്കടവും വിഷമവും സഹിക്കാനാകുന്നില്ല. കളവു പറയുന്നവർക്ക് പടച്ചവന്റെ അടുക്കലെത്തുമ്പോൾ നേരിടേണ്ടി വരുന്ന ശിക്ഷകളെക്കുറിച്ചോർക്കുമ്പോൾ കരഞ്ഞുപോകുന്നു. കളവു പറയുന്നവർക്ക് പരലോകത്ത് ലഭിക്കുന്ന ശിക്ഷയെക്കുറിച്ച് ഉസ്താദ് പറഞ്ഞതെല്ലാം ഇപ്പോഴും മനസ്സിലുണ്ട്. എന്നിട്ടും ഞാൻ കളവു പറഞ്ഞുപോയല്ലോ! ഒന്നല്ല; അനേകം കളവുകൾ.

എന്തിനായിരുന്നു അത്രയും കളവു പറഞ്ഞത്? ഓർമയിൽ തെളിഞ്ഞുനിൽക്കുന്നുണ്ട് കാര്യങ്ങളോരോന്നും. റിയാസ് കുറേ ദിവസങ്ങളായി പറയുന്നു, ചൂണ്ടയിട്ട് മീൻ പിടിക്കുന്നതിനെക്കുറിച്ച്. അവന്റെ വീടിനും കുറെയപ്പുറത്ത് ഒരു വലിയ തോടും വയലുമൊക്കെയുണ്ടെന്ന്, അവിടെ ചൂണ്ടയിട്ടാൽ ധാരാളം മീൻ കിട്ടുമെന്ന്! അങ്ങനെ മീൻ പിടിക്കുന്നത് നല്ല ഹരമുള്ള പരിപാടിയാണെന്ന്! അങ്ങനെ പൂതി നിറഞ്ഞതാണ് മനസ്സിൽ.

'നമ്മൾക്ക് ഞായറാഴ്ച രാവിലെ പോകാം. ഉച്ചയാകുമ്പോഴേക്കും തിരിച്ചു പോരാം.' അവൻ പറഞ്ഞു.

'അപ്പോൾ മദ്റസയിൽ

പോകണ്ടേ?'
'ഒരു ദിവസം ലീവാക്കാ മെടോ. നീയൊരു ദിവസം പോലും ലീവാക്കാറില്ല ല്ലോ.'
'വീട്ടിൽ പറയ ണ്ടേ?'
'വേണ്ടെടോ, മദ്റസ വിടുന്ന സമയമാകു മ്പോഴേക്കും

നിനക്ക് വീട്ടിലെത്താം.'
അവന്റെ കൊതിപ്പിക്കലും മനസ്സിലെ കൊതിയും ഒന്നി ച്ചു കൂടിയപ്പോൾ തോന്നി; ഒരു ദിവസമല്ലേ, ക്ലാസ് കട്ട് ചെയ്യാം. ഉസ്താദ് ഒന്നും



പറയില്ല. എന്നും പോകാറുണ്ടല്ലോ. മദ്റസ വിടുന്ന സമയമാകുമ്പോൾ തിരിച്ചെത്തിയാൽ ഉമ്മ അറിയാനും പോകുന്നില്ല.

റിയാസ് തന്നെയാണ് ചൂണ്ടൽ കൊണ്ടുവന്നതും അതിൽ കോർക്കാൻ ഞാഞ്ഞൂലിനെ തോണ്ടിക്കൊണ്ടുവന്നതുമൊക്കെ. പാമ്പിന്റെ ഉണ്ണിക്കുഞ്ഞുങ്ങളെപ്പോലുള്ള ഞാഞ്ഞൂലിനെ ചൂണ്ടയിൽ കോർക്കണം. അതിനെ തൊടാൻ തന്നെ അറപ്പു തോന്നും. എന്നാൽ, റിയാസിനങ്ങനെ അറപ്പൊന്നുമില്ല. അവൻ ജീവനുള്ള ഞാഞ്ഞൂലിനെ കൈയിലെടുത്ത് കൂളായി ചൂണ്ടയിൽ കോർക്കും. എല്ലാം റെഡിയാക്കി അവൻ തന്നെ ചൂണ്ടയിടുന്ന രീതി പഠിപ്പിച്ചു: 'ഇതാ, ഇങ്ങനെ വെള്ളത്തിലേക്കിടണം. ചൂണ്ടൽ ബന്ധിച്ച പ്ലാസ്റ്റിക് നൂൽ വലിയുന്നതു കണ്ടാൽ തിരിച്ചുവലിക്കണം.'

ഒരിക്കൽ വലിച്ചപ്പോൾ കിട്ടിയത് വലിയൊരു മുശു! അത് മുള്ളു വിടർത്തി മീശയിളക്കി കരയിലൂടെ ഇഴയുന്നതു കണ്ടപ്പോൾ പേടിച്ചുപോയല്ലോ! പിന്നെ മീനിനെയൊന്നും കിട്ടിയില്ല. ഏറെ സമയം വെയിൽ കൊണ്ടിരുന്നതു ലാഭം! മദ്റസ വിടുന്ന സമയമായപ്പോൾ അവിടെ നിന്നെഴുന്നേറ്റ് ഒരോട്ടമായിരുന്നു. വീട്ടിലെത്തിയപ്പോൾ ഉമ്മ ചോദിച്ചു:

'കുഞ്ഞ്യോനേ, നെന്റെ ഉടുപ്പിലൊക്കെ ഇത്രയും ചെളിപുരണ്ടതെങ്ങനെയാ?'

'ഉമ്മാ, ഞാനാ ഇടവഴിയിലൊന്ന് വഴുതി വീണ്.' അങ്ങനെ ഒന്നാമത്തെ കളവ്.

'എന്നിട്ടു മോനെന്തെങ്കിലും പറ്റിയോ? വേദനയുണ്ടോ?'

'ഇല്ലുമ്മാ' എന്നു പറഞ്ഞ് വേഗം കുളിമുറിയിലേക്കു പോയതുകൊണ്ട് പിന്നെയും കളവു പറയേണ്ടി വരുന്നതിൽ നിന്ന് രക്ഷപ്പെട്ടു.

മദ്റസയിൽ ചെന്നപ്പോഴാണ് പെട്ടുപോയത്. ചെന്നപാടെ ഉസ്താദ് ചോദിക്കുന്നു:

'മുജ്തബയെ ഇന്നലെ കണ്ടില്ലല്ലോ.'

എന്താണ് പറയുക? ഒന്നു പരുങ്ങിയെങ്കിലും പെട്ടെന്നു പറഞ്ഞു:

'സുഖമില്ലായിരുന്നു.' രണ്ടാമത്തെ കളവ്.

'ങേ...? എന്തായിരുന്നു അസുഖം?'

‘പനി.’ പെട്ടെന്ന് വായിൽ വന്നതങ്ങനെയാണ്. മൂന്നാമത്തെ കളവ്.

‘എന്നിട്ട് ഡോക്ടറെ കാണിച്ചോ?’

‘ങാ!’

‘മരുന്നൊക്കെ കഴിച്ചിട്ടുണ്ടല്ലോ?’

‘ങാ, കഴിച്ച്.’

‘എന്നിട്ട് കുറവുണ്ടോ?’

‘കുറവുണ്ടുസ്താദേ.’

ഉസ്താദ് നെറ്റിയിൽ കൈ വെച്ചു നോക്കി പറഞ്ഞു: ‘ഇപ്പോ പനിയൊന്നുമില്ല. എന്നാലും, ഇപ്പോഴത്തെ പനിയാണ്. ശ്രദ്ധിക്കണം.’



അപ്പോഴേ തുടങ്ങിയതാണ് മനസ്സിലൊരു കാളൽ! പടച്ചോനേ, എത്ര കളവാ ഞാനിന്നും ഇന്നലെയുമായി പറഞ്ഞുപോയത്. ഓരോ കളവിനെയും സ്ഥിരീകരിക്കാനായി പിന്നെയും കളവു പറയേണ്ടി വന്നതാണ്. എന്നാലും, എല്ലാം കളവു തന്നെയാണല്ലോ.

ഓരോന്നും ഓർത്തോർത്ത് വിഷമിച്ചിരിക്കുമ്പോഴാണ് ഉമ്മ വിളിച്ചത്: 'കുഞ്ഞ്യോനേ വാ, ചായ കുടിക്കണ്ടേ.'

ഉമ്മയുടെ അടുത്തു തന്നെ ചായ കുടിക്കാനിരുന്നു. അതിനിടെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി ഉമ്മ ചോദിക്കുന്നു: 'എന്താ മോനേ, നിന്റെ മുഖം വല്ലാതെ വാടിയിരിക്കുന്നല്ലോ.'

'ഒന്നുല്ലുമ്മാ...'

'അല്ല, എന്തോ ഒന്ന്ണ്ടല്ലോ! ഉമ്മാനോട് തുറന്നു പറ മോനേ... സ്കൂളിന്നോ മദ്റസേന്നോ അടി കിട്ടിയോ?'

വാത്സല്യത്തോടെ തലയിലും പുറത്തുമൊക്കെ ഉമ്മയുടെ കൈ സഞ്ചരിച്ചപ്പോൾ പിന്നെ തുറന്നുപറയാതിരിക്കാൻ കഴിഞ്ഞില്ല. 'ഞാൻ കുറേ കളവുകൾ പറഞ്ഞുപോയി മ്മാ.'

'എന്തു കളവാ? ആരോടാ നിന്റെ മോൻ പറഞ്ഞുപോയത്?' ഉമ്മയുടെ ചോദ്യത്തിൽ അറിയാനുള്ള തിടുക്കം വ്യക്തമായിരുന്നു. പിന്നെയൊന്നും മറച്ചുവെക്കാൻ കഴിഞ്ഞില്ല. എല്ലാം തുറന്നു പറഞ്ഞപ്പോൾ വല്ലാത്തൊരാശ്വാസം.

'കുഞ്ഞ്യോനേ, വലിയ തെറ്റാണ് ട്ടോ മോൻ ചെയ്തത്. ഉമ്മാനോടു പോലും പറയാതെ മോൻ ക്ലാസൊഴിവാക്കി ചൂണ്ടയിടാൻ പോയില്ലേ? ഉമ്മാനോടും ഉസ്താദിനോടും കള്ളം പറഞ്ഞില്ലേ?'

'ഉമ്മാ, ഞാൻ തെറ്റ് ചെയ്തുപോയി. ഉമ്മ പൊറുത്തു തരണം.'

'ഉമ്മാനോടല്ല, പടച്ചോനോട് പൊറുത്തുതരാൻ തേട്. 'അസ്തഗ്ഫിറുല്ലാ' എന്നു പറഞ്ഞോണ്ടിരുന്നോ. ഇനി ഇത്തരം തെറ്റുകൾ ആവർത്തിക്കരുത് കേട്ടോ.' ഉമ്മ കടുത്ത സ്വരത്തിൽ അവനെ ശാസിച്ചു.

'ഇല്ലുമ്മാ, ഞാനിനിയൊരിക്കലും കള്ളത്തരം കാണിക്കൂല. എനിക്ക് പടച്ചോൻ പൊറുത്തു തര്വോ മ്മാ?'

'മോൻ കുഞ്ഞല്ലേ? തെറ്റു സമ്മതിച്ചല്ലോ. മോന് പടച്ചോൻ പൊറുത്തുതരാതിരിക്കില്ലട്ടോ.'

മനാസിർ പട്ല

നബികഥ



# രോഗശമനം

**ന**ബി(സ) ഉപയോഗിച്ചിരുന്ന ചില വസ്തുക്കൾ ഉമറുബ്നു അബ്ദിൽഅസീസ്(റ) സൂക്ഷിച്ചിരുന്നു. എല്ലാ ദിവസവും മഹാൻ അതിലേക്ക് ആദരവോടെ നോക്കും. വീട്ടിൽ വരുന്ന അതിഥികൾക്ക് ഈ ശേഷിപ്പുകൾ കാണിച്ചുകൊടുത്ത് പറയും: 'അല്ലാഹു ഏറ്റവുമധികം ബഹുമാനിച്ച തിരുദൂതരുടെ അനന്തരാവകാശമാണിത്.'

ഈന്തപ്പനയോലകൊണ്ടു നെയ്ത ഒരു കട്ടിൽ, തോൽ കൊണ്ടു തുന്നിച്ചേർത്തുണ്ടാക്കിയ ഈന്തപ്പനനാര് നിറച്ച ഒരു തലയണ, ഒരു പാത്രം, വെള്ളം കുടിക്കാനുപയോഗിച്ചിരുന്ന ഒരു കോപ്പ, ഒരു കമ്പിളിപ്പുതപ്പ്, ധാന്യം പൊടിക്കുന്ന ഉപകരണം, അല്പം അമ്പുകളുള്ള ഒരു ആവനാഴി എന്നിവയായിരുന്നു അവിടെയുണ്ടായിരുന്നത്. കമ്പിളിപ്പുതപ്പിൽ തിരുനബി(സ)യുടെ വിയർപ്പിന്റെ പാടുകളുണ്ടായിരുന്നു. ആ ഭാഗം കഴുകിയ വെള്ളം കുടിച്ച ഒരു രോഗിക്ക് ഉടൻ ശമനം ലഭിക്കുകയുണ്ടായി.

സുറൂർ തെന്നല

# വിള തിന്നുന്ന കടുവ

ഗ്രാമത്തിൽ ഒരു അലക്കുകാരൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന് ഒരു കഴുതയുണ്ടായിരുന്നു. എല്ലാ ദിവസവും അതിരാവിലെ കഴുതപ്പുറത്ത് അലക്കാനുള്ള വസ്ത്രക്കെട്ടുകളുമായി അയാൾ പുഴയിലേക്ക് പോകും. രാവും പകലും കഠിനാധ്വാനം ചെയ്ത് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണദ്ദേഹം കുടുംബം പോറ്റിയിരുന്നത്.

അങ്ങനെയിരിക്കെ, ഗ്രാമത്തിൽ ക്ഷാമകാലം വന്നു. കഴുതക്ക് കൊടുക്കാൻ തീറ്റയില്ലാതായി. കഴുത ക്ഷീണിച്ചാൽ വസ്ത്രങ്ങൾ ഉടമകൾക്കെത്തിക്കാൻ കഴിയില്ലെന്ന് അലക്കുകാരൻ ഭയന്നു. അതിർത്തിയിലുള്ള ഒരു പുൽമേട്ടിൽ അല്പം പുല്ലുണ്ടായിരുന്നു. എന്നാൽ, അത് ഗ്രാമത്തിലെ എല്ലാ മൃഗങ്ങൾക്കും തികയുമായിരുന്നില്ല. അപ്പോഴാണ് മുമ്പൊരു സുഹൃത്ത് സമ്മാനിച്ച കടുവത്തോലിനെക്കുറിച്ച് അയാൾ ആലോചിച്ചത്. അലക്കുകാരൻ ചിന്തിച്ചു: ‘കടുവത്തോൽ കഴുതയുടെ പുറത്തിട്ട് പുൽമേട്ടിൽ മേയാൻ വിട്ടാൽ ആളുകൾ അത് കടുവമാണെന്നു കരുതി പേടിച്ചോടും. അപ്പോഴവന് വയറുനിറയെ പുല്ല് തിന്നാം.’

അയാൾ ഉടനെ ആ തന്ത്രം നടപ്പിലാക്കാൻ തീരുമാനിച്ചു. അത് വിജയിക്കുകയും ചെയ്തു. വയലിൽ പണിയെടുക്കുന്നവർ ദൂരെ നിന്ന് കടുവത്തോലിട്ട കഴുതയെ കണ്ട് കടുവയാണെന്നു കരുതി പേടിച്ചോടി. വയലിലെ വിളകൾ ഒറ്റയ്ക്കു തിന്നൽ പതിവാക്കിയ കഴുത തടിച്ചുകൊഴുത്തു. അതു കണ്ട്

അലക്കുകാരന് സന്തോഷ മായി.

എന്നാൽ, ഗ്രാമവാസികൾ ദുഃഖത്തിലായിരുന്നു. വയ ലിലെ വിളകൾ തിന്നുതീർ ക്കുന്ന കടുവയെ എങ്ങനെ നേരിടണമെന്നറിയാതെ അവർ കുഴഞ്ഞു.

ഗ്രാമത്തിലെ ജനങ്ങൾ യോഗം ചേർന്നു. 'കടുവയെ തുരത്താൻ ഒരു വഴി കണ്ടു പിടിക്കണം.'

'എല്ലാവരും ചേർന്ന് അടിച്ചുകൊല്ലുക തന്നെ!' എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. അവർ കുന്തവും വടിയും കല്ലുകളുമൊക്കെ യായി വയലിൽ കടുവ വരു ന്നതും കാത്ത് ഒളിച്ചിരുന്നു.

കടുവത്തോലണിഞ്ഞ കഴുതയെ കണ്ടതും, ഗ്രാമവാസികൾ ആയുധങ്ങ ളുമായി ഓ ടിയെത്തി. 'അടിച്ചുകൊ ല്ലവനെ, വിട



രുതവനെ...' അവർ ഉറക്കെ അലറിവിളിച്ചു.

അതു കണ്ടു പേടിച്ചു പോയ കഴുത, ഉച്ചത്തിൽ കരയാൻ തുടങ്ങി. ഇതു കേട്ട ഗ്രാമവാസികൾ അന്തം തപ്പെട്ടു. കടുവത്തോൽ ധരിച്ച കഴുതയാണ് പുല്ലു കൾ തിന്നുതീർക്കുന്നതെന്ന് അവർക്കു മനസ്സിലായി.

അപ്പോഴേക്കും ഗ്രാമവാസികളുടെ അടിയേറ്റ് കഴുതയുടെ മുതുകൊടിഞ്ഞിരുന്നു. കഴുത തിരിച്ചുവരാതായപ്പോൾ അന്വേഷിച്ചിറങ്ങിയ അലക്കുകാരൻ പുൽമേട്ടിൽ അനങ്ങാനാവാതെ കിടക്കുന്ന തന്റെ കഴുതയെ കണ്ട് കരയാൻ തുടങ്ങി.

**നബികഥ**

# റസൂലിന്റെ കട്ടിൽ

**ഖു**റൈശികൾക്ക് കട്ടിലുകളിൽ കിടന്നുറങ്ങാൻ വളരെയധികം ഇഷ്ടമായിരുന്നു. തിരുനബി(സ) മദീനയിൽ വന്നപ്പോൾ അബൂ അയ്യൂബുൽ അൻസാരി(റ)വിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. മുത്ത്നബി(സ) അദ്ദേഹത്തോട് ചോദിച്ചു: 'അബൂഅയ്യൂബേ, ഇവിടെ കട്ടിലൊന്നുമില്ലേ?'

'ഇല്ല റസൂലേ...' അബൂ അയ്യൂബ്(റ) മറുപടി നൽകി.

തിരുനബി(സ) കട്ടിൽ അന്വേഷിച്ചതറിഞ്ഞ അസ്അദുബ്നു സുറാറ(റ) നല്ലൊരു കട്ടിൽ തിരുനബി(സ)ക്ക് കൊടുത്തയച്ചു. തേക്കുമരംകൊണ്ട് നിർമ്മിച്ചതായിരുന്നു അതിന്റെ കാലുകൾ. വഫാത്താകുന്നതു വരെ മുത്ത്നബി(സ) ആ കട്ടിലിലാണ് ഉറങ്ങിയിരുന്നത്. ജനാസനിസ്കാരത്തിനു വേണ്ടി റസൂലിന്റെ തിരുശരീരം ആ കട്ടിലിലാണ് കിടത്തിയിരുന്നത്. പിന്നീട് അതിന്റെ ബറകത് ആഗ്രഹിച്ച് അബൂബകർ(റ), ഉമർ(റ) തുടങ്ങിയ പല സ്വഹാബികളുടെയും ജനാസകൾ ആ കട്ടിലിൽ കിടത്തിയാണ് ചുമന്നുകൊണ്ടുപോയത്.

Current Affairs

## ഉർജിത് പട്ടേൽ

രാജ്യാന്തര നാണയനിധി (ഐഎംഎഫ്) എക്സിക്യൂട്ടീവ് ഡയറക്ടറായി റിസർവ് ബാങ്ക് മുൻ ഗവർണർ ഉർജിത് പട്ടേൽ ഓഗസ്റ്റ് 30നു നിയമിതനായി. മൂന്നു വർഷത്തേക്കാണു നിയമനം. ഡോ. കൃഷ്ണമൂർത്തി വി സുബ്രഹ്മണ്യനു പിൻഗാമിയായാണ് പട്ടേലെത്തുന്നത്.

## വീയപുരം ചാമ്പ്യൻ

ഓഗസ്റ്റ് 31 നു നടന്ന ഈ വർഷത്തെ നെഹ്റുട്രോഫി വള്ളംകളിയിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ വീയപുരം ചുണ്ടൻ ജേതാക്കളായി. വീയപുരം ചുണ്ടന്റെ രണ്ടാം നെഹ്റുട്രോഫി ജയമാണിത്.



## കലാം പുരസ്കാരം

തമിഴ്നാട് സർക്കാരിന്റെ എ.പി.ജെ അബ്ദുൽകലാം പുരസ്കാരത്തിന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ അർഹനായി. സ്പേഡെക്സ്, നൈസാർ ദൗത്യങ്ങൾ, ഓപ്പറേഷൻ സിന്ദൂറിൽ സൈന്യത്തിനു നൽകിയ പിന്തുണ എന്നിവ പരിഗണിച്ചാണ് പുരസ്കാരം.

## ആഴക്കടലിൽ

സമുദ്രത്തിൽ 5 കിലോമീറ്റർ ദൂരം ആഴം താണ്ടുന്ന ആദ്യത്തെ ഇന്ത്യൻ അക്വാനോട്ടുകൾ എന്ന റെക്കോർഡ് തമിഴ്നാട്ടിൽ നിന്നുള്ള രാജുരമേശും ജമ്മുവിൽ നിന്നുള്ള കമാൻഡർ ജതീന്ദർപാൽ സിംഗും സ്വന്തമാക്കി.


## പുതിയ ഉപരാഷ്ട്രപതി


ഇന്ത്യയുടെ പതിനഞ്ചാമത്തെ ഉപരാഷ്ട്രപതിയായി തമിഴ്നാട്ടിൽ നിന്നുള്ള സി പി രാധാകൃഷൻ സെപ്റ്റംബർ 9ന് തിരഞ്ഞെടുക്കപ്പെട്ടു. ജഗ്ദീപ് ധൻകർ ഉപരാഷ്ട്രപതി സ്ഥാനം രാജിവച്ചതിനെ തുടർന്നു നടന്ന തിരഞ്ഞെടുപ്പിലാണ് രാധാകൃഷ്ണൻ വിജയിച്ചത്.

## മാഗ്സസെ പുരസ്കാരം

വിദൂരഗ്രാമങ്ങളിൽ സ്കൂൾപഠനം നിർത്തേണ്ടിവന്ന പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന 'എജ്യുക്കേറ്റ് ഗേൾസ്' ഫൗണ്ടേഷൻ മാഗ്സസെ പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യൻസംഘടനയായി. മാലദ്വീപിലെ പരിസ്ഥിതിപ്രവർത്തക ഷാഹിന അലി, ഫിലിപ്പീൻസിലെ ഫ്ളാവിയാനോ വിയ്യനോയെവ എന്നിവരും ഇന്ത്യൻഫൗണ്ടേഷനൊപ്പം ഇത്തവണ പുരസ്കാരം പങ്കിട്ടു.

ചിന്തിക്കാതെ പ്രവർത്തിച്ചാൽ




ഉടനെ,
ഹയ്യോ, മെഴുകുതിരി വീണേ...
ഓടിക്കോ...
രക്ഷിക്കണേ!
ജീവൻ വേണേൽ ഓടിക്കോ.
കഷ്ടം! എന്റെ വിഡ്ഢിത്തമാണ ധാന്യ പുര നശിക്കാൻ കാരണം.
ആലോചിക്കാ തെ പ്രവർത്തി ച്ചാൽ ഇതുത ന്നെ ഫലം!

റൈഹാൻ

സമസ്ത ചരിത്രം - 22

# ചിത്താരി ഹംസ മുസ്‌ലിയാർ



**ക**ണ്ണൂർ ജില്ലയിലെ തളിപ്പറമ്പിനടുത്ത് പട്ടുവം ദേശത്താണ് ചിത്താരി ഹംസ മുസ്‌ലിയാർ ജനിച്ചത്. ചിത്താരി എന്ന ദേശമാവട്ടെ, കാസർഗോഡ് ജില്ലയിലുമാണ്. അപ്പോൾ സംശയമുണ്ടാവാം; പട്ടുവത്തുകാരനായ ഒരാൾ ചിത്താരിക്കാരനായി അറിയപ്പെട്ടതെങ്ങനെയാണെന്ന്. ചിലർ അങ്ങനെയാണ്, ജനിച്ച നാടിന്റെ പേരിലല്ല അറിയപ്പെടുക; അവരുടെ കർമമണ്ഡലത്തിന്റെ പേരിലായിരിക്കും. ഹംസ മുസ്‌ലിയാർ ചിത്താരിയിൽ പത്തു വർഷം ദർസ് നടത്തിയിരുന്നു. അങ്ങനെ ചിത്താരി എന്ന ദേശപ്പേര് അദ്ദേഹത്തിന്റെ കൂടെ ചേർന്നു.

പട്ടുവത്തെ ഒരു കർഷകകുടുംബത്തിലാണ് ഹംസ മുസ്‌ലിയാർ ജനിച്ചത്. അഹ്മദ് കുട്ടി-നഫീസ ദമ്പതികളുടെ ഓമന മകനായി, 1939ൽ. സമ്പന്നകുടുംബത്തിൽ ജനിച്ചതിനാൽ സുഖസമ്പൂർണ്ണമായിരുന്നു കുട്ടിക്കാലം. അക്കാലത്ത് അധിക കുട്ടികൾക്കും ലഭിക്കാതിരുന്ന നല്ല സ്കൂൾ വിദ്യാഭ്യാസം തന്നെ ലഭിച്ചു അദ്ദേഹത്തിന്. എട്ടാം ക്ലാസ് പഠനം പൂർത്തിയാക്കി. അന്ന് എട്ടാം ക്ലാസ് പാസായാൽ സർക്കാർജോലിക്കുള്ള യോഗ്യതയായി. പക്ഷേ, ഹംസ മുസ്‌ലിയാർ തെരഞ്ഞെടുത്തത് മതപഠന മേഖലയാണ്. നാട്ടിലെ പള്ളി

ദർസിൽ കുറച്ചുകാലം പഠിച്ചു. പിന്നെ പടന്നയിലും തളിപ്പറമ്പ് ചുവ്വത്തിലും കടവത്തൂരും. അവിടെനിന്നാണ് വാഴക്കാട് ദാറുൽഉലൂം മദ്റസയിലെത്തിയത്. വന്ദ്യരായ കണ്ണിയത്തുസ്താദാണ് അന്നവിടെ പ്രധാന മുദരിസ്.

അതിബുദ്ധിമാനും പഠനതൽപരനുമായ ഹംസ മുസ്‌ലിയാർ കണ്ണിയത്തിന്റെ പ്രിയശിഷ്യനായി. പഠിക്കുന്ന കാലത്തു തന്നെ ജൂനിയേഴ്സിന്റെ ആദരണീയ ഉസ്താദായി അറിയപ്പെട്ടു. കിതാബിലെ ഏതു സംശയം ചോദിച്ചാലും പെട്ടെന്ന് മറുപടി കിട്ടും. കുട്ടികൾക്കു മനസ്സിലാകുന്ന വിധത്തിൽ കിതാബോതിക്കൊടുക്കും. അവിടത്തെ പഠനം പൂർത്തിയായപ്പോൾ ഹംസ മുസ്‌ലിയാർ ദയൂബന്ദിലേക്ക് പോയി, ബിരുദം നേടാൻ. 1965 ൽ ബിരുദപഠനം പൂർത്തിയാക്കി. പിന്നെ മുദരിസായി. മാട്ടൂലിലാണ് ആദ്യം മുദരിസായി സേവനമനുഷ്ഠിച്ചത്. എട്ടു വർഷം അവിടെ തുടർന്നു. പിന്നെ ചിത്താരിയിലേക്കു മാറി. അവിടെ പത്തുവർഷം ദർസ് നടത്തി. തിരുത്തിയിലും കുറച്ചുകാലം മുദരിസായിട്ടുണ്ട്. അതിനുശേഷമാണ് സഅദിയ്യ കോളേജിലെത്തിയത്.

ഒരു നല്ല മുദരിസായിരിക്കെ തന്നെ ഉസ്താദ് നല്ല സുന്നി പ്രവർത്തകനും സംഘാടകനും പ്രഭാഷകനുമായിരുന്നു. സുന്നത്ത് ജമാഅത്തിന്റെ കാര്യം പറയുമ്പോൾ ആ ശബ്ദമുയരും, സിംഹഗർജനം പോലെ! പുത്തൻപ്രസ്ഥാനക്കാരുടെ വികലവാദങ്ങളുടെ പൊള്ളത്തരം തുറന്നുകാട്ടും. ആർക്കും മനസ്സിലാവുന്ന രീതിയിൽ. ശ്രോതാക്കളുടെ മനസ്സിൽ തട്ടുന്ന രീതിയിലായിരുന്നു പ്രഭാഷണം.

1970 മുതൽ സമസ്തയുടെ പ്രവർത്തകനാണ് ഉസ്താദ്. കണ്ണൂർ ജില്ലാ മുശാവറ സെക്രട്ടറി, വൈസ് പ്രസിഡന്റ്, തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ച ഉസ്താദ് 1981 ൽ സമസ്ത കേന്ദ്രമുശാവറയിൽ അംഗമായി. സുന്നിയുവജന സംഘം സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

നല്ല പ്രഭാഷകൻ എന്ന പോലെ നല്ല ചിന്തകനും സംഘാടകനുമായിരുന്നു ഉസ്താദ്. മതപഠനരംഗത്തുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്ന ആശയം ആദ്യമായി മുന്നോട്ടുവെച്ചത് ഉസ്താദാണ്. അതദ്ദേഹം നടപ്പിലാക്കുകയും ചെയ്തു. മതഭൗതിക വിദ്യാ



ഭ്യാസം ഒന്നിച്ചുനൽകുന്ന സമന്വയ വിദ്യാഭ്യാസരീതിയുടെയും പെൺകുട്ടികൾക്കുള്ള യതീംഖാനയുടെയും ആസൂത്രകനും പ്രയോക്താവുമാണ് ഉസ്താദ്. ജാമിഅ സഅദിയ്യയുടെ സ്ഥാപകനേതാക്കളിലൊരാളായ ഉസ്താദിന്റെ സ്വന്തം സ്ഥാപനമാണ് തളിപ്പറമ്പ് നാടുകാണിയിലെ അൽമഖർ. മരണംവരെ ആ സ്ഥാപനത്തിലെ പ്രിൻസിപ്പാൾപദവിയിലായിരുന്നു. വിജനവും ഭീതി ജനിപ്പിക്കുന്നതുമായ, പരന്നുകിടക്കുന്ന പാറപ്രദേശം വിലക്കെടുത്ത ഉസ്താദ് പുതിയൊരു സ്ഥാപനം കെട്ടിപ്പടുക്കുകയായിരുന്നു. ഇന്നത് അനേകം ഉന്നത പഠനസ്ഥാപനങ്ങളുടെ സമുച്ചയമാണ്.

സുന്നി പ്രവർത്തകർക്ക് അഭിമാനമായിരുന്നു ഹംസ മുസ്‌ലിയാർ. കാണാൻ അതിസുന്ദരൻ. പാണ്ഡിത്യത്തിന്റെ വെളിച്ചമുള്ള മുഖം. ഗംഭീരമായ സ്വരം. അതേസമയം, വിനയാന്വിതമായ പെരുമാറ്റം. ആരെയും ആകർഷിക്കുന്ന സമീപനം.

സുന്നി നേതൃരംഗത്തും പ്രവർത്തനവീഥിയിലും നിറഞ്ഞുനിന്ന ആ മഹാപണ്ഡിതൻ 2018 ഒക്ടോബറിൽ ഈ ലോകത്തോട് വിട പറഞ്ഞു. തളിപ്പറമ്പ് നാടുകാണി ദാറുൽഅമാൻ ക്യാമ്പസിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## ഭൂലോക തിരുത്ത്

സ്കൂളിലും മറ്റും നാം കണ്ടുപരിചയിച്ച ലോകഭൂപടം വിവാദമായി മാറിയിരിക്കുകാണിപ്പോൾ. 'ഭൂപടം തിരുത്തൂ' എന്ന ക്യാമ്പയിനുമായി ഇറങ്ങിയിരിക്കുകയാണ് ആഫ്രിക്കൻയൂണിയൻ. ഭൂപടത്തിലുള്ള ഭൂഖണ്ഡങ്ങളുടെ വലുപ്പം ശരിയായ അനുപാതത്തിലല്ലെന്നതാണ് വിവാദത്തിന്റെ അടിസ്ഥാന കാരണം. തമാശയല്ല; സംഗതി സത്യമാണ്. ഗോളാകൃ



തിയുള്ള ഭൂമിയുടെ ചിത്രം അടിച്ചുപരത്തിയപ്പോൾ ഭൂമേഖലകളുടെ വലുപ്പത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടായിട്ടുണ്ട്. ഗണിതജ്ഞനും കാർട്ടോഗ്രാഫറുമായ ജെറാഡസ് മെർക്കേറ്റർ 1569 ലാണ് ലോകഭൂപടം രൂപകല്പന ചെയ്തത്. മെർക്കേറ്റർ പ്രൊജക്ഷനിൽ വടക്കേഅമേരിക്ക, ഗ്രീൻലന്റ്, കാനഡ തുടങ്ങിയ ധ്രുവസമീപ പ്രദേശങ്ങൾക്ക് വലുപ്പം കൂടുകയും ആഫ്രിക്ക, തെക്കേ അമേരിക്ക തുടങ്ങി ഭൂമധ്യരേഖയ്ക്ക് സമീപമുള്ള പ്രദേശങ്ങൾക്ക് വലുപ്പം കുറയുകയും ചെയ്തു. നാവികർക്ക് ദിശ കണ്ടുപിടിക്കാൻ പാകത്തിലാണ് മെർക്കേറ്റർ ഭൂപടം സൃഷ്ടിച്ചത്. അക്കാര്യത്തിൽ അതേറെ ഉപകാരപ്രദമാവുകയും ചെയ്തു. പിന്നീടത് ഭൂപടനിർമാണത്തിനുള്ള സാധാരണ രീതിയായി മാറി. ക്ലാസ്മുറികളിലും ഓഫീസുകളിലുമെല്ലാം ആ ഭൂപടം ഇടംപിടിച്ചു. നിലവിലുള്ള മാപ്പിൽ യഥാർത്ഥ വലുപ്പത്തിനനുസരിച്ചല്ല മിക്ക ഭൂപ്രദേശങ്ങളുമുള്ളത്. അതിനാൽ, 2018 ൽ പുറത്തുവന്ന ഈക്വൽ- എർത്ത് പ്രൊജക്ഷൻ മാപ്പുകൾ മാത്രമേ ക്ലാസുമുറികളിലും മറ്റും ഉപയോഗിക്കാവൂ എന്നാണ് ആഫ്രിക്കൻ യൂണിയന്റെ ആവശ്യം.



അബൂറയ്യാൻ

# ഐക്യരാഷ്ട്രസഭക്ക് 80 വയസ്സ്

**ഐ**ക്യരാഷ്ട്രസഭ 2025 ൽ എൺപതാം വർഷം ആചരിക്കുകയാണ്. രാജ്യാന്തരസഹകരണത്തിലൂടെ ലോകസമാധാനം, സാമ്പത്തികവികസനം, സാമൂഹികസമത്വം എന്നിവ ലക്ഷ്യമാക്കി രണ്ടാം ലോകമഹായുദ്ധശേഷം രൂപീകൃതമായ കൂട്ടായ്മയാണിത്. 1945-ൽ 51 അംഗങ്ങളുമായി തുടങ്ങിയ ഈ കൂട്ടായ്മയിൽ ഇന്ന് 193 അംഗരാജ്യങ്ങളുണ്ട്..

ന്യൂയോർക്ക് നഗരത്തിലെ മാൻഹാട്ടൻ ആണ് ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം. അറബിക്, ചൈനീസ്, ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ, സ്പാനിഷ് എന്നിവയാണ് യു.എൻ ഔദ്യോഗിക ഭാഷകൾ. അന്റോണിയോ ഗുട്ടറസാണ് ഇപ്പോഴത്തെ യു. എൻ സെക്രട്ടറി ജനറൽ.

1945 ഒക്ടോബർ 24ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി നിലവിൽവന്നു. 1948 മുതൽ എല്ലാ വർഷവും ഒക്ടോബർ 24 യു എൻ ദിനമായി ആചരിക്കുന്നു. 1946ൽ ലണ്ടനിലാണ് ഐക്യരാഷ്ട്ര സംഘടനയുടെ പ്രഥമ പൊതുസമ്മേളനം നടന്നത്.

## പതാക

ഐക്യരാഷ്ട്രസംഘട നയുടെ പതാകക്ക് നീല നിറമാണ്. രണ്ട് ഒലിവ് ചില്ലകൾക്കിടയിൽ ലോക രാഷ്ട്രങ്ങളുടെ ഭൂപടമാണ് പതാകയുടെ മധ്യത്തിലുള്ള ചിഹ്നം. ഇളംനീല പശ്ചാ ത്തലത്തിൽ വെളുത്ത യു. എൻ ചിഹ്നവും പതാകയിൽ ആലേഖനം ചെയ്തിരിക്കു ന്നു.

## പൊതുസഭ

പൊതുസഭയിലേക്ക് എല്ലാ അംഗരാഷ്ട്രങ്ങൾക്കും അഞ്ചുവീതം പ്രതിനിധിക ളെ അയക്കാം, പക്ഷേ, ഒരു വോട്ട് മാത്രമേ ഉണ്ടാകൂ. വർഷത്തിലൊരിക്കലാ ണ് പൊതുസഭ യോഗം ചേരുക. ചില അടിയന്തര സന്ദർഭങ്ങളിലും യോഗം ചേരാറുണ്ട്.

## സുരക്ഷാസമിതി

അഞ്ച് സ്ഥിരാംഗങ്ങളും പത്ത് അംഗരാഷ്ട്രങ്ങളും ചേർന്നതാണ് രക്ഷാസ മിതി. ചൈന, ഫ്രാൻസ്, ബ്രിട്ടൻ, റഷ്യ, അമേരിക്ക എന്നിവയാണ് സ്ഥിരാംഗ ങ്ങൾ. അഞ്ചു സ്ഥിരാംഗ ങ്ങൾക്കും വീറ്റോപവറുണ്ട്. അതായത്, ഈ രാജ്യങ്ങളി ലൊന്ന് എതിർത്തു വോട്ട് ചെയ്യുന്ന എന്തു നടപടി യും സഭ തള്ളിക്കളയും.















## സാമ്പത്തിക-സാമൂഹിക സമിതി

തെരഞ്ഞെടുക്കപ്പെടുന്ന 54 അംഗ സമിതിയുടെ കാലാവധി മൂന്നുവർഷമാണ്. ഗതാഗത, വാർത്താവിനിമയ കമ്മീഷൻ, മയക്കുമരുന്നുവിരുദ്ധ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ തുടങ്ങിയവ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നു.

## ട്രസ്റ്റീഷിപ്പ് കൗൺസിൽ

ഐക്യരാഷ്ട്രസഭയുടെ പ്രധാനഘടകങ്ങളിലൊന്നായിരുന്നു 1945ൽ ആരംഭിച്ച ട്രസ്റ്റീഷിപ്പ് കൗൺസിൽ. യു. എൻ ചാർട്ടർ പ്രകാരം ഈ ഘടകം ദൗത്യപൂർത്തീകരണത്തെ തുടർന്ന് 1994 നവംബർ 1 മുതൽ പ്രവർത്തനമവസാനിപ്പിച്ചു.

## അന്തർദേശീയ നീതിന്യായ കോടതി

ഐക്യരാഷ്ട്രസംഘടനയുടെ പ്രമുഖ നീതിന്യായ വിഭാഗമാണ് 1945 ൽ സ്ഥാപിക്കപ്പെട്ട അന്തർദേശീയ നീതിന്യായ കോടതി. നെതർലാന്റിലെ ഹേഗിലുള്ള പീസ്പാലസാണിതിന്റെ ആസ്ഥാനം. രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുക, നിയമപരമായ ഉപദേശം നൽകുക എന്നിവയാണ് പ്രധാനധർമ്മം.

## യുനെസ്കോ (UNESCO)

വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവയുടെ ഉന്നമനത്തിലൂടെ സമാധാനവും സുരക്ഷയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന സംഘടനയാണ് യുനെസ്കോ; അഥവാ, യുണൈറ്റഡ് നേഷൻസ് എജ്യുക്കേഷണൽ സയന്റിഫിക് ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ.

1945 ലാണ് യുനെസ്കോ രൂപം കൊണ്ടത്.

### ലോകബാങ്ക്

ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുള്ള അന്താരാഷ്ട്രബാങ്കിംഗ് സ്ഥാപനമാണ് അന്താരാഷ്ട്ര പുനർനിർമ്മാണ വികസന ബാങ്ക്; അഥവാ, ലോക ബാങ്ക്. വായ്പകൾ നൽകി ബാങ്ക് അംഗരാഷ്ട്ടങ്ങളെ സഹായിക്കുന്നു.

### അന്താരാഷ്ട്ര തൊഴിൽ സംഘടന

അംഗരാജ്യങ്ങളിലെ തൊഴിൽപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഏജൻസിയാണിത്. സ്വിറ്റ്സർലന്റിലെ ജനീവയാണിതിന്റെ ആസ്ഥാനം. 1969 ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം സംഘടനക്ക് ലഭിച്ചു.

### അന്താരാഷ്ട്ര നാണയനിധി

രാജ്യങ്ങൾ തമ്മിലുള്ള നാണയവിനിമയ സ്ഥിരതയും സാമ്പത്തിക പുനഃസംഘടനയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥാപനമാണിത്. 184



രാജ്യങ്ങൾ അംഗമായ ഐ എം എഫ് 1945 ലാണ് സ്ഥാപിതമായത്.

### ഭക്ഷ്യ കാർഷിക സംഘടന (FAO)

1945 ഒക്ടോബർ 16 നാണ് ഐക്യരാഷ്ട്രസഭയുടെ കീഴിൽ ഭക്ഷ്യകാർഷിക സംഘടന രൂപീകരിച്ചത്. ഇതിന്റെ ഓർമയ്ക്കായി 1979 മുതൽ എല്ലാവർഷവും ഒക്ടോബർ 16 ലോക ഭക്ഷ്യദിനമായി ആചരിക്കുന്നു.

### സെക്രട്ടേറിയറ്റ്

രക്ഷാസമിതിയുടെ ശിപാർശയനുസരിച്ച് പൊതുസഭ നിയമിക്കുന്ന സെക്രട്ടറിജനറലും 8900 ഉദ്യോഗസ്ഥന്മാരും അടങ്ങുന്നതാണ് സെക്രട്ടേറിയറ്റ്. അഞ്ചു വർഷമാണ് സെക്രട്ടറി ജനറലിന്റെ കാലാവധി. ഐക്യരാഷ്ട്രസഭയുടെ മുഖ്യഭരണാധികാരിയാണ് സെക്രട്ടറി ജനറൽ.

അൻവർ കാരേപറമ്പ്

ബീവി ഖദീജ(റ) ചരിത്രം - 1

# മക്കയിലെ പ്രകാശതാരകം



മനോഹരമായ മക്കയുടെ ഹൃദയഭാഗത്ത് മണൽക്കാറ്റുകൾ കിന്നാരം പറയുന്ന മർവാകുന്നിനടുത്ത് ഒരു വലിയ വീടുണ്ടായിരുന്നു. അവിടെയാണ് സമ്പന്നനും സുമനസ്കനുമായ ഖുവൈലിദും ഭാര്യ ഫാത്വിമയും സന്തോഷത്തോടെ കഴിഞ്ഞിരുന്നത്. കുളിർക്കാറ്റു വീശുന്ന ഒരു പ്രഭാതത്തിൽ, അവരുടെ വീട്ടിൽ ഒരു കുഞ്ഞിന്റെ കരച്ചിലുയർന്നു; ഫാത്വിമ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയിരിക്കുന്നു!

സുവർണസൂര്യനെപ്പോലെ തിളങ്ങുന്ന മുഖം! പൂക്കളെക്കാൾ മൃദുലമായ കൈകാലുകൾ! ഖുവൈലിദ് കുഞ്ഞിനെ നെഞ്ചോടു ചേർത്തുപിടിച്ച് സന്തോഷത്തോടെ കഅ്ബയിലേക്ക് ഓടി. 'കഅ്ബയുടെ നാഥാ, ഈ കൺമണിയെ ഞങ്ങൾക്ക് സമ്മാനിച്ചതിന് നന്ദി!' അദ്ദേഹം മനം നിറഞ്ഞ് നാഥനെ സ്തുതിച്ചു. കുഞ്ഞിന്റെ ശോഭനമായ ഭാവിക്കുവേണ്ടി പ്രാർത്ഥിച്ചു. കുഞ്ഞിന് ഏറ്റവും മനോഹരമായൊരു പേരും നൽകി: ഖദീജ!

മക്കയുടെ പവിത്രമായ മണ്ണിൽ ഖദീജമോൾ പിച്ചവെച്ചു നടന്നു. അവളുടെ ഓരോ കുഞ്ഞു ചുവടിലും നന്മയുടെ വെളിച്ചമുണ്ടായിരുന്നു. അവളുടെ ചിരി പൗർണമി പോലെ എല്ലാവരുടെ




മനസ്സിലും സന്തോഷത്തിന്റെ പ്രകാശം നൽകി. മക്കയുടെ കണ്ണിലുണ്ണിയായി ഖദീജമോൾ വളർന്നു.

വലിയൊരു കച്ചവടക്കാരനായിരുന്നതുകൊണ്ട് ഉപ്പ ഖുവൈലിദ് എപ്പോഴും തിരക്കിലായിരുന്നു. ഖദീജമോൾ ഉപ്പ കച്ചവടം കഴിഞ്ഞ് തിരിച്ചെത്തുന്നതും കാത്തിരിക്കും. ചിലപ്പോൾ കാത്തിരുന്ന് ഉറങ്ങിപ്പോകും. വിശേഷിച്ച് വല്ലതും പറയാനുണ്ടെങ്കിൽ ഉപ്പയെ കണ്ടിട്ടേ ഉറങ്ങൂ എന്ന് വാശിപിടിക്കും. ഖുവൈലിദ് വീട്ടിലെത്തുമ്പോൾ ഖദീജമോൾ ഓടിച്ചെന്ന് ഉപ്പയെ അണച്ചുകൂട്ടിപ്പിടിച്ച് ചോദിക്കും: 'ഉപ്പാ, ഇന്നത്തെ കച്ചവടം എങ്ങനെയുണ്ടായിരുന്നു? പുതിയ വിശേഷങ്ങൾ വല്ലതുമുണ്ടോ?' ഖുവൈലിദ് മോളോട് എല്ലാം തുറന്നുപറയും. എന്നും കച്ചവടകാര്യങ്ങൾ മോൾക്കറിയണം. 'ഇവൾ ഭാവിയിൽ ഒരു വലിയ കച്ചവടക്കാരിയാകും.' ഖുവൈലിദ് ആത്മഗതം ചെയ്തു.

നാട്ടുകാർ പലരും വിഗ്രഹങ്ങളെ പൂജിക്കുമ്പോൾ ഖദീജമോളുടെ കുഞ്ഞുമനസ്സ് അതിലൊന്നും താത്പര്യം കാണിക്കാതെ ഒഴിഞ്ഞുനിന്നു. 'നമുക്ക് യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യാത്ത ഈ വിഗ്രഹങ്ങളെ എന്തിനാണ് ജനങ്ങൾ പൂജിക്കുന്നത്?' അവൾ സ്വന്തം മനസ്സിനോട് ചോദിച്ചു. പ്രായത്തെ കവച്ചുവെക്കുന്ന അവളുടെ വിവേകവും ബുദ്ധിശക്തിയും കണ്ട് പലരും അത്ഭുതപ്പെട്ടു. അവർ പരസ്പരം പറഞ്ഞു: 'ആ ഖുവൈലിദിന്റെ മകൾ ഖദീജ സാധാരണക്കാരിയല്ല കേട്ടോ. അവൾക്കെന്തോ പ്രത്യേകതയുണ്ടെന്നാണ് തോന്നുന്നത്.'

(തുടരും)

ജാശിർ കുന്നളം



മഹാരസികനായിരുന്നു ഹാജി ബഗ്ലൂൽ. ഒരിക്കൽ അദ്ദേഹം തന്റെ അമ്മായിയെ കാണാൻ ദൂരെയുള്ള ഒരു ഗ്രാമത്തിലേക്ക് പോയി. രുചികരമായ വറുത്തമീൻ നൽകി അമ്മായി അദ്ദേഹത്തെ സൽക്കരിച്ചു. ആ വിഭവം ബഗ്ലൂലിന് വളരെയധികം ഇഷ്ടപ്പെട്ടു.

‘അമ്മായീ, ഇതെങ്ങനെയാണുണ്ടാക്കിയത്? ഇതിന്റെ പാചകവിദ്യ എനിക്ക് പറഞ്ഞുതരാമോ?’ ബഗ്ലൂൽ ചോദിച്ചു.

‘അതിനെന്താ, തരാമല്ലോ.’ അമ്മായി സന്തോഷത്തോടെ പാചകക്കുറിപ്പ് ഒരു കടലാസിലെഴുതി ഹാജിക്ക് കൊടുത്തു.

‘ഇതിലും രുചികരമായ വിഭവം ഞാനുണ്ടാക്കും.’



# പുതുമഴ

പുതുമഴയിൽ മുല്ലയിൽ പൂ വിടർന്നു
പരിമളമെങ്ങും പരന്നലിഞ്ഞു.
ഒരു നുള്ളു പൂവ് പറിച്ചെടുത്തു
ഒരു മാല കെട്ടി ഞാനണിഞ്ഞു.
അതു കണ്ട് അമ്മയടുത്തു വന്നു
അമ്മ എനിക്കൊരു ഉമ്മ തന്നു.



**ആനപ്പുഴയ്ക്കൽ അനിൽ**

ഹാജി മനക്കണക്കു നെയ്ത് പാചകക്കുറിപ്പുമായി സന്തോഷത്തോടെ തിരികെ നടന്നു. വഴിയിൽവെച്ച് ഒരു വലിയ മീനും വാങ്ങി.

ഹാജി പുറത്തിറങ്ങിയതും, ഹാജിയുടെ കൈയിലെ മീൻ ഒരു പരുന്ത് റാഞ്ചിയെടുത്ത് നിമിഷനേരം കൊണ്ട് പറന്നുയർന്നു.


ഉടനെ ഹാജി ആകാശത്തേക്കു നോക്കി 'ഹ... ഹ... ഹ...' എന്ന് പൊട്ടിച്ചിരിച്ചു. ഇതുകണ്ട് ജനങ്ങൾ ചോദിച്ചു: 'മീൻ നഷ്ടപ്പെട്ടിട്ട് ചിരിക്കുകയാണോ?'

'ആ പരുന്ത് കാണിച്ച വിഡ്ഢിത്തം ഓർത്ത് ചിരിച്ചതാണ്.' ഹാജി പറഞ്ഞു.


'വിഡ്ഢിത്തമോ? നിങ്ങളുടെ ഭക്ഷണമല്ലേ അത് തട്ടിയെടുത്തത്?' ഒന്നും മനസ്സിലാകാതെ ഗ്രാമീണർ ചോദിച്ചു.

'പക്ഷേ, പരുന്ത് ആ മീൻ കൊണ്ട് എന്തുചെയ്യാനാണ്? അത് പാചകം ചെയ്യാനുള്ള കുറിപ്പ് എന്റെ കൈയിലല്ലേ?.' അതുകേട്ട് ആളുകൾ പൊട്ടിച്ചിരിച്ചു.

# അസൂയയും ആപ്പിൾ മരങ്ങളും




ആപ്പിൾകൃഷിയെക്കുറിച്ച് ഒന്നുമറിയാത്ത ജമാൽ തന്റെ ചോളപ്പാടത്ത് മുഴുവൻ ആപ്പിൾതൈകൾ നട്ടു.
കമാൽ ചെയ്യുന്നതുപോലെ ചെയ്യാം.
അവനു ലഭിക്കുന്നതിനെക്കാൾ വിളവ് എനിക്ക് ലഭിക്കണം.
ഇത്തിരി വെള്ളമൊഴിക്കാം
കൂടുതൽ വെള്ളമൊഴിച്ചാൽ കൂടുതൽ വിളവ് ലഭിക്കും.
കമാൽ നൽകുന്നതിനെക്കാൾ കൂടുതൽ വളവും നൽകാം.
ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ,
അൽഹംദുലില്ലാഹ്! തൈകൾക്ക് നല്ല വളർച്ചയുണ്ട്. നല്ല വിളവും ലഭിക്കും. ഇൻശാഅല്ലാഹ്.


നാളുകൾ കടന്നുപോയി.
ഈ ഉണങ്ങിയ ചില്ലകൾ വെട്ടിമാറ്റിയാൽ മറ്റു ചില്ലകൾ വേഗം വളരും.
ങേ! കമാൽ ചില്ലകൾ മുറിക്കുന്നു. എല്ലാം മുറിച്ചുമാറ്റാം.
ഇത്തവണ കമാലിനെക്കാൾ ലാഭം എനിക്കായിരിക്കും.
ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ,
ങേ! എന്റെ ആപ്പിൾമരങ്ങളെല്ലാം മറിഞ്ഞുവീഴുന്നല്ലോ!
ജമാൽ കമാലിന്റെ തോട്ടത്തിലെത്തി.
ഇതെങ്ങനെ സംഭവിച്ചു?
അൽഹംദുലില്ലാഹ്!ഇത്തവണ ധാരാളം ആപ്പിൾ ലഭിച്ചു.


ജമാലിനെ കണ്ടു കമാൽ അടുത്തു വന്നു.
എന്തുപറ്റി സുഹൃത്തേ, വിഷമിച്ചിരിക്കുന്നു?
ഒന്നും പറയേണ്ട കമാലേ, നിന്നെപ്പോലെ ഞാനും ആപ്പിൾകൃഷി ആരംഭിച്ചിരുന്നു.
ജമാൽ സംഭവിച്ചതെല്ലാം കമാലിനോട് തുറന്നു പറഞ്ഞു.
സാരമില്ല സുഹൃത്തേ, ഞാൻ മരത്തിന്റെ ഉണങ്ങിയ ചില്ലകളാണ് മുറിച്ചു മാറ്റിയത്.
അപ്പോൾ മറ്റു ചില്ലകൾ വേഗം വളർന്നു വലുതായി.
ഈ വർഷം ഞാൻ നിന്നെ സഹായിക്കാം. ചോളകൃഷി തന്നെയാണ് നിന്റെ ഭൂമിക്കനുയോജ്യം.
നന്ദി സുഹൃത്തേ. എന്റെ അസൂയയും അത്യാഗ്രഹവുമാണ് ഇതിനെല്ലാം കാരണം.

# ക്വിസ്

## ആനുകാലികം പൊതുവിജ്ഞാനം

1. കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് രാജിവച്ച എത്രാമത്തെ ഉപരാഷ്ട്രപതിയാണ് ജഗദീപ് ധൻകർ?

2. ഇലോൺ മസ്കിന്റെ എക്സ് എഐ കുട്ടികൾക്കുവേണ്ടി നിർമിതബുദ്ധിയിൽ അധിഷ്ഠിതമായി പുറത്തിറക്കുന്ന ആപ്പ്?

3. കർണാടകയിലെ ഷിമോഗയിൽ ഉദ്ഘാടനം ചെയ്ത ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ കേബിൾസ്റ്റെയ്ഡ് പാലം?

4. ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ നാടോടി ഗ്രാമം?

5. ലോകത്തിലെ ആദ്യ മഴമ്യൂസിയം നിലവിൽ വരുന്നത് എവിടെ?

6. രാജ്യത്തെ ആദ്യത്തെ വേഴാമ്പൽ സംരക്ഷണകേന്ദ്രം നിലവിൽ വരുന്ന സംസ്ഥാനം?

7. ദേശീയ മെഡിക്കൽ കമ്മീഷൻ പുതിയ ചെയർമാൻ?

8. 2025 ജൂലൈയിൽ ഏതു രാജ്യവുമായാണ് ഇന്ത്യ സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെച്ചത്?

9. ഇന്ദിരാഗാന്ധി നാഷണൽ



ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പുതിയ വൈസ് ചാൻസിലർ?

10. റോഡ് സുരക്ഷാരംഗത്ത് ആർട്ടിഫിഷൽ ഇന്റലിജൻസ് ഉപയോഗിച്ച ആദ്യ സംസ്ഥാനം?


11. 2025 ഓഗസ്റ്റിൽ പൊട്ടിത്തെറിച്ച ക്രാഷെ നെന്നിക്കോവ് അഗ്നിപർവ്വതം ഏത് രാജ്യത്താണ്?

12. കർഷകരെ ശക്തിപ്പെടുത്താൻ അന്നദാതാ സുഖിഭാവ സ്കീം ആരംഭിച്ച സംസ്ഥാനം?

13. ലോകത്തിലെ ഏറ്റവും വലിയ സ്വർണ നിക്ഷേപം കണ്ടെത്തിയത് ഏത് രാജ്യത്താണ്?

14. 2027 മാർച്ചിൽ ആരംഭിക്കുന്നത് സ്വതന്ത്ര ഇന്ത്യയിലെ എത്രാമത്തെ സെൻസസാണ്?

15. 2025ലെ യുഎൻ സമുദ്ര



1. അഭിജിത് ഷേത്ത്, 2. ഉമാ കാഞ്ചിലാൽ, 3. ചാൺവീരാകുൾ, 4. സി പി രാധാകൃഷ്ണൻ, 5. കെ ആർ നാരായണൻ

ഉച്ചകോടി നടന്ന നഗരം?

16. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ശിശുമരണനിരക്കുള്ള സംസ്ഥാനം?

17. ഭരണവുമായി ജനങ്ങളെ നേരിട്ട് ബന്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ തുടങ്ങിയ സിറ്റിസൺ കണക്ട് സെന്റർ സംവിധാനം?

18. ഇത്തവണ നെഹ്റു ട്രോഫി വള്ളംകളിയിൽ ഒന്നാമതെത്തിയ വള്ളം?

19. തായ്‌ലന്റിന്റെ പുതിയ പ്രധാനമന്ത്രി?



20. ഇന്ത്യയുടെ പതിനഞ്ചാമത്തെ ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടതാര്?

21. ഇന്ത്യയുടെ ഉപരാഷ്ട്രപതിയായ ഏക മലയാളി?

22. നാസയുടെ അസോസിയേറ്റ് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ഇന്ത്യൻ വംശജൻ?

23. മാഗ്സെസേ പുരസ്കാരം നേടിയ, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഇന്ത്യൻ സംഘടന?

24. വിഎസ് അച്യുതാനന്ദന്റെ ആത്മകഥ?

25. വാല്മീകി ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന സംസ്ഥാനം?

ഉത്തരങ്ങൾ

**ഉത്തരങ്ങൾ**: 1. മൂന്നാമത്തെ, 2. ബേബി ഗ്രോക്ക്, 3. സിഗന്തൂർ പാലം, 4. യാക്കെൻ(സിക്കിം), 5. മൗസിൻറാം(മേഘാലയ), 6. തമിഴ്നാട്, 7. അഭിജിത് ഷേത്ത്, 8. ബ്രിട്ടൻ, 9. ഉമാ കാഞ്ചിലാൽ, 10. ഉത്തർപ്രദേശ്, 11. റഷ്യ, 12. ആന്ധ്രപ്രദേശ്, 13. ചൈന, 14. എട്ടാമത്തെ, 15. നീസ്, 16. മണിപ്പൂർ, 17. മുഖ്യമന്ത്രി എന്നോടൊപ്പം, 18. വീയപുരം ചുണ്ടൻ, 19. അനുതിൻ ചാൺവീരാകുൾ, 20. സി പി രാധാകൃഷ്ണൻ, 21. കെ ആർ നാരായണൻ, 22. അമിത് ക്ഷത്രി, 23. എജ്യൂക്കേറ്റ് ഗേൾസ്, 24. സമരം തന്നെ ജീവിതം, 25. ബീഹാർ.



**സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ**

# ബീഗം ഹസ്രത്ത് മഹൽ

മുഹ്സിൻ കളത്തിൽകുണ്ട്

ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധീര വനിതയാണ് ബീഗം ഹസ്രത്ത് മഹൽ. 1820ൽ ഒരു സയ്യിദ്കുടുംബത്തിലായിരുന്നു അവരുടെ ജനനം. മുഹമ്മദി ഖാനം എന്നാണ് യഥാർത്ഥ പേര്. ദാരിദ്ര്യം കാരണം മാതാപിതാക്കൾ അവരെ ചെറുപ്പത്തിൽ തന്നെ രാജാവിന്റെ സേവകയായി നൽകുകയായിരുന്നു. രാജസന്നിധിയിൽ അവർക്ക് ഉന്നതപദവി ലഭിച്ചു. പിന്നീട് അവധിലെ രാജാവായിരുന്ന വാജിദ് അലി ഷാ അവരെ വിവാഹം കഴിക്കുകയും പിൽക്കാലത്ത് ബീഗം ഹസ്രത്ത്മഹൽ എന്ന പേരിൽ പ്രസിദ്ധി നേടുകയും ചെയ്തു.

## കമ്പനിക്കെതിരെ

1856 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി അവധ് കീഴടക്കുകയും നവാബ് വാജിദ് അലിഷായെ കൽക്കത്തയിലേക്ക് നാടുകടത്തുകയും ചെയ്തു. എന്നാൽ, കടുത്ത ബ്രിട്ടീഷ് വിരോധിയായിരുന്ന ബീഗം കീഴടങ്ങാൻ വിസമ്മതിക്കുകയും അവധിന്റെ ഭരണം സ്വയം ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. 1857ലെ ആദ്യ ഇന്ത്യൻ സ്വാതന്ത്ര്യസമരം ആരംഭിച്ചപ്പോൾ, അവധിലെ ഭരണം നിയന്ത്രിച്ചിരുന്ന ബീഗം, മകൻ ബിർജിസിനെ വാലിയിലെ രാജകുമാരനാക്കി പ്രഖ്യാപിച്ചു. ലഖ്നൗവിൽ തന്റെ മകനോടൊപ്പം കമ്പനിയുമായി സായുധപോരാട്ടത്തിലേർപ്പെട്ടപ്പോൾ അവധിന്റെ ഭരണകാര്യങ്ങളെല്ലാം അവരാണ് നോക്കിയിരുന്നത്.

മസ്ജിദുകളും ക്ഷേത്രങ്ങളും നശിപ്പിച്ചതും പന്നികളുടെയും പശുക്കളുടെയും കൊഴുപ്പു ചേർത്തുള്ള വെടിമരുന്നുകൾ ഉപയോഗിച്ചതുമാണ് ബ്രിട്ടീഷുകാർക്കെതിരെ തിരിയാൻ അവരെ പ്രേരിപ്പിച്ചത്. അവധിലെ ഗ്രാമീണജനതയോട് തന്നോടൊപ്പം ചേർന്ന് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ

ബീഗം ഹസ്രത്ത്മഹൽ അഭ്യർത്ഥിച്ചു. തന്റെ സമ്പാദ്യമെല്ലാം അതിനുവേണ്ടി ചെലവഴിക്കുകയും ചെയ്തു. ജനങ്ങളുടെ പിന്തുണയോടെ ബീഗം ലഖ്നൗ പിടിച്ചെടുക്കുകയും 1857 ജൂലൈ 5ന് വിജയകരമായി ഭരണം പുനഃസ്ഥാപിക്കുകയും ചെയ്തു. പതിനാലുവയസ്സുള്ള



മകനെ അവിടെ ഭരണാധികാരിയായി നിയമിച്ചു.

### കുടിയേറ്റവും അന്ത്യനിമിഷങ്ങളും

1858 മാർച്ച് 16ന് ബ്രിട്ടീഷ് സൈന്യത്തിന്റെ തീവ്രമായ ആക്രമണത്തെ തുടർന്ന് ബീഗം ഹസ്രത്ത് മഹലിന് ലഖ്നൗവിലും അവധിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലുമുണ്ടായിരുന്ന നിയന്ത്രണം നഷ്ടമായി. പരാജയമുറച്ചതോടെ ബീഗത്തിന്റെ സൈന്യം തൽക്കാലം പിൻവാങ്ങുകയും മറ്റിടങ്ങളിൽ പോരാട്ടങ്ങൾ തുടരുകയും ചെയ്തു. 1859 അവസാനത്തോടെ അവർ നേപ്പാളിലേക്ക് കുടിയേറി.

അവധിലേക്ക് മടങ്ങിവന്നാൽ ഉന്നതജോലിയും ധാരാളം സമ്പത്തും നൽകാമെന്ന് ബ്രിട്ടീഷുകാർ വാഗ്ദാനം ചെയ്തെങ്കിലും അവരത് നിരസിച്ചു. അവസാനശ്വാസം വരെ ബ്രിട്ടീഷുകാർക്കെതിരെ ചെറുത്തുനിൽക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1879 ഏപ്രിൽ ഏഴിനാണ് ആ ധീരവനിത ഈ ലോകത്തോട് വിട പറഞ്ഞത്.

മരണശേഷം 1887 ൽ വിക്ടോറിയരാജ്ഞിയുടെ ജൂബിലിവേളയിൽ ബ്രിട്ടീഷ് സർക്കാർ ബിർജീസ്ഖാന് മാപ്പുനൽകുകയും നാട്ടിലേക്ക് മടങ്ങാൻ അനുമതി നൽകുകയും ചെയ്തു. കാഠ്മണ്ഡുവിലെ സെൻട്രൽപാർക്ക് ജുമാമസ്ജിദിനു സമീപമാണ് ബീഗം ഹസ്രത്ത്മഹൽ അന്ത്യവിശ്രമം കൊള്ളുന്നത്.

# അമ്പൂട്ടി

നോവൽ – 24

മുജ്തബ നസ്വീഹ്


## സന്തോഷത്തിന്റെ നാളുകൾ

അമ്പൂട്ടിയിപ്പോൾ സന്തോഷത്തിലാണ്. മാമന്റെ വീട്ടിലെപ്പോലെ അവന്റെ ജീവിതമിപ്പോൾ ഒറ്റപ്പെട്ടതല്ല; കൂട്ടിന് ഉമ്മയുണ്ട്, മോളൂട്ടിയുണ്ട്, കൂടെക്കളിക്കാൻ അയൽവീടുകളിലെ കുട്ടികളുണ്ട്; അവനെപ്പോലുള്ള കുട്ടികൾ. എളാപ്പയുമിപ്പോൾ അവന് അപരിചിതനല്ല. ഒരുപ്പയെപ്പോലെ വാത്സല്യം ചൊരിയുന്ന വാക്കുകളാണ് എളാപ്പയും അവനോട് സംസാരിക്കുന്നത്. എല്ലാ നിലയ്ക്കും ആശ്വാസവും സന്തോഷവും തന്നെ.

ഒരു മലഞ്ചരിവിലാണ് അവരുടെ വീട്. നാലുപാടും കൃഷിത്തോട്ടങ്ങൾ. ചേനയും ചേമ്പും ഇഞ്ചിയും മഞ്ഞളും കാച്ചിലും കപ്പയും വാഴയുമൊക്കെ തഴച്ചുവളരുന്ന തോട്ടങ്ങൾ! മറുഭാഗത്തേക്ക് നോക്കിയാൽ പച്ചപ്പുല്ലു വിരിച്ചപോലെ തോന്നിക്കുന്ന തേയിലത്തോട്ടങ്ങൾ നിറഞ്ഞ കുന്നുകൾ! അവിടെ തലയുയർത്തി നിൽക്കുന്ന മാമരങ്ങൾ! അതിമനോഹരമായ കാഴ്ചകളാണെങ്ങും.

സായാഹ്ന സൂര്യന്റെ ചെങ്കതിർ പരക്കുമ്പോഴേക്കും എവിടെനിന്നോ തണുപ്പ് പറന്നു വരും. ചിലപ്പോൾ തണുത്തുവിറയ്ക്കും. അതു കണ്ടിട്ടാവാം, എളാപ്പ അവന് ഒരു പുതിയ കമ്പിളിക്കോട്ടും കമ്പിളിപ്പുതപ്പും വാങ്ങിക്കൊടുത്തിട്ടുണ്ട്. ഉമ്മക്കും എളാപ്പക്കുമൊന്നും

കമ്പിളിക്കോട്ടും പുതപ്പുമില്ല. ഞങ്ങൾക്കത്ര തണുപ്പില്ലെന്നാണവർ പറയാറ്. അബൂട്ടി അവിടേക്ക് പുതുതായി വന്നതാണല്ലോ. പുതിയ സാഹചര്യവുമായി പൊരുത്തപ്പെടാൻ ഇത്തിരി സമയമെടുക്കുമെന്നാണ് ഉമ്മ പറഞ്ഞത്. വൈകുന്നേരമായാൽ അവൻ കമ്പിളിക്കോട്ടെടുത്തിടും. അപ്പോൾ അവനെ കണ്ടാൽ കരടിക്കുട്ടിയെ പോലെ തോന്നുമെന്നാണ് അയലത്തെ റഫീഖ് പറഞ്ഞത്. രാത്രി ഭക്ഷണം കഴിച്ചുറങ്ങാൻ കിടക്കുമ്പോൾ അവൻ കമ്പിളിപ്പുതപ്പിനുള്ളിലേക്ക് നുഴഞ്ഞുകയറും. പിന്നെ ലവലേശം തണുപ്പുണ്ടാവില്ല. കമ്പിളിയുടെ നേർത്ത ചൂടിൽ ഉറങ്ങാൻ നല്ല സുഖമാണ്. ഉറങ്ങാൻ കിടന്നാലാണ് മാമന്റെ വീടിനെയും പള്ളിയിലെ ദർസിനെയും ഉസ്താദുമാരെയും പ്രിയപ്പെട്ട ആടുകളെയും കുറിച്ചുള്ള ഓർമ്മകൾ മനസ്സിലേക്ക് കടന്നു വരുക. അതുവരെ കളിയും കാഴ്ചകളും മോളൂട്ടിയുമൊത്തുള്ള തമാശകളു




മൊക്കെയായി മനസ്സിനൊട്ടും ഒഴിവുണ്ടാകാറില്ല.

ആടുകളെക്കുറിച്ച് ഓർക്കുമ്പോഴാണ് നേരിയ സങ്കടമുണ്ടാവുക; അവരായിരുന്നല്ലോ ഉറ്റ കൂട്ടുകാർ! കൂടുതൽ സമയവും അവയോടൊപ്പമായിരുന്നല്ലോ കഴിഞ്ഞിരുന്നത്. അവയെ മലമുകളിലേക്ക് കൊണ്ടുപോകാൻ പുതിയ ചെക്കന്മാരാരെങ്കിലും വന്നിട്ടുണ്ടാകുമോ? അവയ്ക്ക് ഇപ്പോൾ വേണ്ട വിധം പുല്ലും വെള്ളവുമൊക്കെ കിട്ടുന്നുണ്ടാകുമോ? രാവിലെ ഉണർന്നാൽ അവ ഇപ്പോഴും അബൂട്ടി വീട്ടിൽ നിന്നിറങ്ങിവരുന്നതും കാത്തിരിക്കാറുണ്ടാകുമോ? അവ ഈ അബൂട്ടിയെ ഓർക്കുന്നുണ്ടാവുമോ? അബൂട്ടി എവിടെപ്പോയെന്ന് ചിന്തിക്കുന്നുണ്ടാവുമോ?

ഇങ്ങനെ ഓരോ വിചാരങ്ങളിലായി കിടക്കവേ കണ്ണടഞ്ഞുപോകും. ഉറക്കിലാണ്ടു പോകും. ഉറക്കിൽ ആടുകൾ കുസൃതിയുമായി കടന്നുവരും. ചിലപ്പോൾ ഉപ്പയും വരും. ചിരിച്ചുകൊണ്ട് 'അബൂട്ടിമോനേ, നിനക്കിപ്പോൾ നല്ല സുഖമാണല്ലോ' എന്ന് ഉപ്പ പറയുന്നതു കേൾക്കും.

രാവിലെ കൊടുംതണുപ്പാണ്. കമ്പിളിപ്പുതപ്പിന്നുള്ളിലേക്കും തണുപ്പ് സൂചി കുത്തിക്കയറ്റാൻ നോക്കുന്നുണ്ടാവും. വീണ്ടും



പുതപ്പിനുള്ളിലേക്ക് ചുരുണ്ടുകൂടാനായിരിക്കും അപ്പോൾ തോന്നുക.



എന്നാലും സുബ്ഹി നിസ്കാരം ഖളാആയിപ്പോകുമെന്നു പേടിച്ച് തട്ടിപ്പിടഞ്ഞെഴുന്നേൽക്കും. പല്ലു തേച്ച് വുളൂഅ് ഉണ്ടാക്കാൻ പുറത്തേക്കു നടക്കും. കോടമഞ്ഞായിരിക്കും ചുറ്റുഭാഗത്തും. അടുത്തുള്ളവരെപ്പോലും കാണാൻ കഴിയാത്ത വിധം കോടമഞ്ഞ്; ചുറ്റും വെള്ളക്കോട്ട പോലെ!

ബക്കറ്റിൽ കൊണ്ടുവച്ച വെള്ളം തൊടുമ്പോൾ കൈ പിന്നോട്ട് വലിച്ചുപോകും; തിളച്ച വെള്ളത്തിൽ തൊടുമ്പോഴെന്നപോലെ! അത്രയും തണുപ്പാണ് വെള്ളത്തിന്. അതോർക്കുമ്പോൾ വീണ്ടും പുതപ്പിനുള്ളിൽ ചുരുണ്ടുകൂടാനാണ് തോന്നുക. പക്ഷേ, സുബ്ഹി നിസ്കരിക്കണമല്ലോ. ഒറ്റ നിസ്കാരവും ഖളാആക്കരുതെന്ന ഉസ്താദിന്റെ കർശനമായ കൽപ്പനയോർക്കുമ്പോൾ, നിസ്കാരം ഖളാആക്കിയാൽ നരകത്തിൽ വെന്തെരിയേണ്ടി വരുമെന്നോർക്കുമ്പോൾ ആ തണുത്ത വെള്ളമെടുത്ത് വുളൂഅ് ഉണ്ടാക്കും. നരകത്തീയേക്കാൾ കഠിനമല്ലല്ലോ ഈ തണുപ്പ്!

വുളൂഅ് ചെയ്തു നിസ്കരിക്കാൻ നിൽക്കുമ്പോൾ കിടുകിടുക്കും. പല്ലുകൾ കൂട്ടിയിടിക്കും. കുറച്ചു പരിചയമായപ്പോൾ അതും ഒരു ഹരമായാണ് അബൂട്ടിക്ക് തോന്നിയത്. ചെയ്യാൻ പണികളൊന്നുമില്ല. സൂര്യൻ ഉദിച്ചുയരുമ്പോഴേക്കും ഉമ്മയും എളാപ്പയും പണിക്കു പോകും. ചിലപ്പോൾ കൃഷിപ്പണിക്ക്. മറ്റു ചിലപ്പോൾ തേയില നുള്ളാൻ. പിന്നെ, മോളൂട്ടി അബൂട്ടിയുടെ കൂടെയാണ്. അബൂട്ടി വരുന്നതിനു മുമ്പ് ഉമ്മ അവളെ അയൽവീട്ടിലെ താ



**ഹിമപ്പുലി ദിനം**

മദ്ധ്യേഷ്യയിലും ദക്ഷിണേഷ്യയിലും കാണപ്പെടുന്ന മാർജ്ജാരവിഭാഗത്തിൽപ്പെട്ട ജീവിയാണ് ഹിമപ്പുലി. (Snow Leopard) വംശനാശ ഭീഷണി നേരിടുന്ന ഇവയുടെ സംരക്ഷണത്തിനായി ഒക്ടോബർ 23 അന്താരാഷ്ട്ര ഹിമപ്പുലി ദിനമായി ആചരിക്കുന്നു.

ത്താനെ ഏൽപ്പിച്ചു പോകാറായിരുന്നത്രെ! വൈകുന്നേരമായാൽ അയൽവീട്ടിലെ കുട്ടികളൊക്കെ സ്കൂൾ വിട്ടു വരും. പിന്നെ കളിയാണ്. കളിയോടു കളി; സന്ധ്യയാകുന്നതു വരെ!

അവരോടൊപ്പം സ്കൂളിൽ പോകണമെന്നുണ്ട്. പക്ഷേ, ഉസ്താദുമാർ പറഞ്ഞതാണല്ലോ, കുറച്ചുദിവസം കഴിഞ്ഞ് അബൂട്ടിയെ കൊണ്ടുപോകാൻ വരാമെന്ന്. രണ്ടാഴ്ചയായിട്ടും അവരെയാരെയും കണ്ടില്ലല്ലോ. അവർ മറന്നുപോയിട്ടുണ്ടാകുമോ അബൂട്ടിയുടെ കാര്യം?

ഉച്ചയായാൽ ഉമ്മ ഓടി വരും. മോളൂട്ടിക്ക് പാലു കൊടുക്കും, അബൂട്ടിക്ക് ചോറ് കൊടുക്കും. എന്നിട്ട് നിസ്കരിച്ച് മോളൂട്ടിയെ ഉറക്കിക്കിടത്തി പണിസ്ഥലത്തേക്കു പോകും. ഉമ്മ മെലിഞ്ഞുപോയതിന്റെയും തൊലി കറുത്തുപോയതിന്റെയും കാരണം അബൂട്ടിക്ക് മനസ്സിലായതിപ്പോഴാണ്. പാവം ഉമ്മ! എത്രയാണവർ കഷ്ടപ്പെടുന്നത്!

അബൂട്ടി ചോറു തിന്ന് വരാന്തയിൽ വന്നിരുന്നു. 'അബൂട്ട്യേ, ദൂരേക്കൊന്നും പോകരുതേ' എന്നു പറഞ്ഞ് ഉമ്മ തിരക്കിട്ടിറങ്ങിപ്പോയി. പിന്നെ ഒന്നും ചെയ്യാനില്ലാതെ താഴ്വരയിലേക്കു നോക്കിയങ്ങനെ ഇരിക്കുമ്പോഴാണ് ദൂരെ അനങ്ങുന്ന രണ്ടു വെള്ളരൂപങ്ങൾ കണ്ടത്. അബൂട്ടി എഴുന്നേറ്റ് സൂക്ഷിച്ചുനോക്കി. വെള്ളക്കുപ്പായമിട്ട രണ്ടുപേർ നടന്നുവരുന്നു. തന്നെ കാണാൻ വരുന്ന ഉസ്താദുമാരായിരിക്കുമോ? അബൂട്ടി ആകാംക്ഷയോടെ അങ്ങോട്ടു തന്നെ നോക്കി നിന്നു. (തുടരും)

# നായയുടെ നന്ദിപ്രകടനം



ഒരു കൊച്ചു ഗ്രാമത്തിലാണ് നാദിയ താമസിച്ചിരുന്നത്. മദ്റസയിലേക്കും സ്കൂളിലേക്കും അവൾ നടന്നാണ് പോയിരുന്നത്. ഒരു ദിവസം സ്കൂളിലേക്ക് പോകുന്ന വഴിയിൽ മെലിഞ്ഞൊട്ടി വിശന്നവശനായ ഒരു നായ കിടക്കുന്നതു കണ്ടു. സങ്കടം തോന്നിയ അവൾ മറ്റൊന്നും ചിന്തിക്കാതെ ബാഗിൽ നിന്ന് ലഞ്ച്ബോക്സെടുത്ത് അതിലെ ഭക്ഷണം ആ നായക്ക് കൊടുത്തു. ആർത്തിയോടെ ഭക്ഷണം കഴിച്ചശേഷം നായ വാലാട്ടി നന്ദിയോടെ അവളെ നോക്കി. നന്മ മനസ്സിനു നൽകുന്ന സന്തോഷം അവൾ അനുഭവിച്ചറിഞ്ഞു. അവൾ സ്കൂളിലേക്കുള്ള നടത്തം തുടർന്നു. അന്ന് ഉച്ചക്ക് മറ്റു കുട്ടികൾ ഭക്ഷണം കഴിക്കുമ്പോൾ അവൾക്കൊന്നും കഴിക്കാനുണ്ടായിരുന്നില്ല.



ഒരുപാട് നാളുകൾ കഴിഞ്ഞു. സ്കൂളിലേക്ക് പോകുമ്പോഴെല്ലാം ആ പഴയ ഓർമ അവളുടെ മനസ്സിൽ തികട്ടിയെത്താറുണ്ട്. ഒരു ദിവസം സ്കൂളിലേക്ക് പോകുമ്പോഴാണ് മാസ്ക് ധരിച്ച രണ്ടുപേർ അവളെ പിടിക്കാൻ വന്നത്. അവൾ നിലവിളിച്ച് കുതറിമാറാൻ ശ്രമിച്ചപ്പോഴാണ് എങ്ങുനിന്നോ ഒരു നായ അവർക്കു മുന്നിൽ ചാടിവീണത്. അത് മാസ്കുധാരികളൊരാളുടെ കാലിൽ കടിച്ചു. നായയുടെ അപ്രതീക്ഷിതമായി അക്രമത്തിൽ പേടിച്ചുപോയ ഇരുവരും അവളെ വിട്ട് ഓടിപ്പോയി.

ആശ്വാസത്തോടെ അവൾ ആ നായയെ നോക്കി. മുമ്പ് ഞാൻ ഭക്ഷണം കൊടുത്ത നായയാണല്ലോ അത്! അവൾക്കത്ഭുതമായി. അല്പനേരം അവളെ നോക്കിനിന്ന് നായ ദൂരേക്ക് നടന്നുപോയി.

*ഫാത്തിമ നാഫിഅ, ക്ലാസ് 7,*
*നജ്മുൽഹുദാ സുന്നി മദ്റസ,*
*സിഎം നഗർ*




# സന്തോഷച്ചിരി

**സ്**കൂളിൽനിന്ന് ഊട്ടിയിലേക്കുള്ള യാത്രക്കിടെ ഒരിടത്തിറങ്ങിയപ്പോഴാണ് ഗർഭിണിയായ ഒരു സ്ത്രീ രണ്ടോ മൂന്നോ വയസ്സുള്ള മകനെയുമായി ഞങ്ങളുടെ മുമ്പിലെത്തിയത്. 'വിശപ്പാറ്റാൻ വല്ലതും തരണേ' എന്ന് അവർ തമിഴ്ഭാഷയിൽ ചോദിക്കുന്നുണ്ടായിരുന്നു. ടീച്ചറോടന്വേഷിച്ചപ്പോഴാണ് അവർ ഭക്ഷണമാണ് ചോദിക്കുന്നതെന്ന് മനസ്സിലായത്. ഞങ്ങൾ വീട്ടിൽനിന്നു കൊണ്ടുവന്ന ഭക്ഷണപ്പൊതിയെടുത്ത് അവർക്ക് കൊടുത്തു. ആ അമ്മയുടെയും കുഞ്ഞിന്റെയും മുഖത്തുള്ള സന്തോഷച്ചിരി കണ്ടപ്പോൾ ഞങ്ങളുടെ മനസ്സു നിറഞ്ഞു. ടീച്ചർ ഞങ്ങളെ അനുമോദിക്കുകയും ചെയ്തു.

***റിൻശ പി.എസ്, ക്ലാസ് 10, മമ്പഉൽ ഉലൂം മദ്റസ, തലക്കോട്ടുകര, കേച്ചേരി***

# ജാമിഉൽഫുതൂഹിനു മുമ്പിൽ

**ഒ**രുപാടു കാലത്തെ ആഗ്രഹമായിരുന്നു മർകസ് നോളജ്സിറ്റിയിലെത്തുക എന്നത്. ഒരു ദിവസം കുടുംബത്തോടൊപ്പം അങ്ങോട്ട് യാത്രതിരിച്ചു. ജാമിഉൽഫുതൂഹ് മസ്ജിദിന്റെ മുന്നിലാണ് വാഹനമിറങ്ങിയത്. മാശാ അല്ലാഹ്! എനിക്ക് അത്ഭുതമായി. മനോഹരമായ പള്ളി. അകത്ത് പ്രവേശിച്ചപ്പോൾ വിപുലമായ സൗകര്യങ്ങൾ, ഭക്തി നിറഞ്ഞ അന്തരീക്ഷം. പള്ളിയുടെ നിർമ്മാണവും സംവിധാനവുമെല്ലാം ഗംഭീരം തന്നെ! എത്രയോ ആളുകളുടെ പരിശ്രമങ്ങളുണ്ടാവുമല്ലോ ഇങ്ങനെയൊരു പള്ളി നിർമ്മിക്കാൻ! ഞാൻ നേരിൽ കണ്ടതിൽ വെച്ച് ഏറ്റവും വലുതും മനോഹരവുമായ പള്ളിയാണ് ജാമിഉൽഫുതൂഹ്. ഇന്നും മനസ്സിൽ നിന്ന് മാഞ്ഞുപോകാത്ത ഒരു കാഴ്ച്ചയാണത്!

***ശിഫാന ജബിൻ കെ. പി, ക്ലാസ് 12, ഐനുൽഹുദാ ഹയർസെക്കന്ററി മദ്റസ, പുതിയങ്ങാടി, പുകയൂർ***

# കത്തുകൾ


പ്രിയപ്പെട്ട ബാലകുസുമത്തിന്,
സുഖമെന്ന് കരുതുന്നു. നിന്നെ വായിക്കാനെനിക്ക് ഏറെ ഇഷ്ടമാണ്. കുസുമത്തിലെ കഥകളെല്ലാം മനോഹരവും ഗുണപാഠങ്ങൾ നിറഞ്ഞതുമാണ്. തളിരുകൾ പംക്തി വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാൻ വളരെ



സഹായകമാണ്. കുസുമത്തിലെ സ്വാതന്ത്ര്യസമര സേനാനികളുടെ ചരിത്രം പുതിയതലമുറക്ക് പ്രചോദനം നൽകുന്നു. അബൂട്ടി എന്ന നോവൽ എനിക്ക് വളരെ ഇഷ്ടമാണ്. കൂടുതൽ മധുരമുള്ള വിഭവങ്ങളുമായി വരുന്ന പുതിയ ലക്കത്തിനുള്ള കാത്തിരിപ്പോടെ...

**യഹ്‌യ പി.വി, ക്ലാസ്സ് 10,**
**ഇസ്സത്തുൽ ഇസ്‌ലാം മദ്റസ,**
**പാലത്തുങ്കര**

പ്രിയ ബാലകുസുമമേ
എനിക്ക് നിന്നെ ഏറെ ഇഷ്ടമാണ്. ഓരോ മാസവും നിന്റെ വരവും കാത്തിരിക്കും. എന്റെ ഉമ്മൂമ്മയും നിന്റെ വായനക്കാരിയാണ് കേട്ടോ. സഫറിന്റെ കഥയാണ് ആദ്യം വായിക്കുക. അബൂട്ടിയുടെ കഥ വായിക്കുമ്പോൾ എനിക്ക് സങ്കടം വരും. അവന് നല്ലൊരു ഭാവിയുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കും. ഇംഗ്ലീഷ് കോർണറിലെ സ്റ്റോറിലൈനിലുള്ള ഇംഗ്ലീഷ്കഥയും




അതിന്റെ മലയാളപരിഭാഷയും ഭാഷാപഠനത്തിന് ഏറെ സഹായകമാണ്. ആനുകാലികം, പൊതുവിജ്ഞാനം എന്നിവ നൽകുന്ന ക്വിസ് പംക്തി എൽഎസ്എസ് നേടാൻ സഹായകമായി. ഭാവുകങ്ങളോടെ,

**റിഹാൻ ഷാ എം, ക്ലാസ് 5,**
**ഇശാഅത്തുൽ ഇസ്‌ലാം മദ്റസ,**
**കോട്ടപ്പടി, മലപ്പുറം**



# ഹോജ


സുഹൃത്തായ സലീമിനെ അന്വേഷിച്ചിറങ്ങിയതായിരുന്നു ഹോജ.
ഭാഗ്യം! സലീം വീട്ടിൽ തന്നെയുണ്ട്.
ഹോജയല്ലേ ആ വരുന്നത്? വല്ലതും കടം ചോദിക്കാനാകും.



ആ ഹോജ വരുന്നുണ്ട്. ഞാൻ അങ്ങാടിയിൽ പോയതാണെന്ന് പറഞ്ഞാൽ മതി.
ങ്ഹാ!
സലീം ഇവിടെയില്ലേ?
അദ്ദേഹം അങ്ങാടിയിൽ പോയിരിക്കുകയാണല്ലോ.
ഓഹോ! ഇനി പോകുമ്പോൾ ജനലിനരികിൽ വച്ച തലയും കൊണ്ടുപോകാൻ പറയണേ.
ങ്ഹേ!?



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 7

# കർണാടക

- തലസ്ഥാനം : ബെംഗളൂരു
- വിസ്തീർണം : 1,91,791 ച.കി.മീ
- ജനസംഖ്യ : 6,10,95,297
- ജനസാന്ദ്രത : 319/ച.കി.മീ
- സ്ത്രീപുരുഷാനുപാതം : 973/1000
- സാക്ഷരത : 75.36%
- ഭാഷ : കന്നഡ
- ലോക്സഭാ സീറ്റുകൾ : 28
- രാജ്യസഭാ സീറ്റുകൾ : 12
- അസംബ്ലി സീറ്റുകൾ : 224

### ചരിത്രം

സ്വാതന്ത്ര്യാനന്തരം 1953ൽ മൈസൂർ സംസ്ഥാനം നിലവിൽവന്നു. 1956ൽ സംസ്ഥാന പുനഃസംഘടനാ നിയമപ്രകാരം മൈസൂർ സംസ്ഥാനം രൂപീകരിക്കപ്പെട്ടു. മൈസൂർ സംസ്ഥാനത്തിന്റെ പേര് 1973ൽ കർണാടക എന്നായി. കർണാടകയുടെ സംസ്ഥാന ചിത്രശലഭം സതേൺ ബേർഡ്വിങ് (Southern Birdwing) ഇന്ത്യയിലെ ഏറ്റവും വലിയ (ചിറകുവിസ്താരം) രണ്ടാമത്തെ ചിത്രശലഭമാണ്.

### ജില്ലകൾ

1. ബഗൽകോട്ട്, 2. ബെംഗളൂരു, 3. ബെംഗളൂരു റൂറൽ, 4. ബെളഗാവി, 5. ബെല്ലാരി, 6. വിജയപുര, 7. ബീദർ, 8. ചിക്കമഗളൂരു, 9. ചിത്രദുർഗ, 10. ദക്ഷിണ കന്നഡ, 11. ഉഡുപ്പി, 12. ഉത്തര കന്നഡ, 13. ധർവാഡ്, 14. കലബുറഗി, 15. ഹാവേരി, 16. ഹാസൻ, 17. ഗഡഗ്, 18. കൊഡഗു. 19. കോപ്പൽ, 20. കോലാർ, 21. മാണ്ഡ്യ, 22. മൈസൂരു, 23. റെയ്ച്ചൂർ, 24. ശിമോഗ, 25. തുംകുരു, 26. ദാവൻഗെരെ, 27. ചാമരാജ്നഗർ, 28. രാമനഗർ, 29. ചിക്കബെല്ലാപുർ, 30. യദ്ഗിർ, 31. വിജയനഗര.

### അതിർത്തികൾ


വടക്ക് - മഹാരാഷ്ട്ര
കിഴക്ക് - ആന്ധ്രപ്രദേശ്
തെക്ക് - കേരളം, തമിഴ്നാട്
പടിഞ്ഞാറ് - അറബിക്കടൽ
വടക്കുപടിഞ്ഞാറ് - ഗോവ

- **സംസ്ഥാന പുഷ്പം**
  താമര
- **സംസ്ഥാന വൃക്ഷം**
  ചന്ദനം
- **സംസ്ഥാന പക്ഷി**
  ഇന്ത്യൻ റോളർ
- **സംസ്ഥാന മൃഗം**
  ആന


മിസ്റ്റർ
മണ്ടപ്പൻ
അപ്പന്മാർ ബൈക്കിൽ,
പ്രശ്നങ്ങളും പ്രതിസന്ധികളുമില്ലാത്ത ഒരു ദിനം. അതാണ് നമ്മുടെ ലക്ഷ്യം.
കുന്നൻചോലയിലിപ്പോൾ റിസോർട്ടൊക്കെ ഉണ്ടോ ഡേയ്?
പഴയ വൈബൊന്നും ഇപ്പോൾ ഇല്ലെന്നു കേട്ടിരുന്നു.
ഓഹോ! എങ്കിൽ നമ്മുടെ സന്ദർശനം അവർക്കൊരു ഉണർവാകും.
നല്ല മഴ വരുന്നുണ്ട് അണ്ണേ
ജീപ്പെടുത്താൽ മതിയായിരുന്നു.


മഴ തുടങ്ങി അണ്ണേ. ആ ചായക്കടയിൽ ഒന്നു കയറാം.
മഴയത്ത് ചൂടുള്ള ചായ പണ്ടേ എന്റെ വീക്ക്നെസ്സാണ്.
വെൽക്കം! അപ്പന്മാർക്കെന്താ കുന്നിൻമുകളിൽ വല്ല കേസും കിട്ടിയോ?
നല്ല മഴ!
അല്പം സ്വസ്ഥത തേടി വന്നതാണ്.
അപ്പന്മാർ ചായ കുടിക്കുമ്പോൾ,
മച്ചൂ, അതെന്താ ഒരു പെട്ടി?
അത് റേഡിയോയാ ഡേയ്!
ഇപ്പോൾ കിട്ടിയത്, കുന്നൻചോലയിൽ കനത്ത മഴ, ചുരത്തിൽ മണ്ണിടിച്ചിൽ, ഗതാഗതം പൂർണമായും തടസ്സപ്പെട്ടു.


ങേ!
അണ്ണേ, പണി കിട്ടുമോ?
യൂട്യൂബിൽ ന്യൂസ് ചാനൽ വെക്ക് മച്ചൂ.
റെയ്ഞ്ച് ഒരു തുള്ളി യില്ല. ചാർജ്ജും തഥൈവ!
എങ്കിൽ പിന്നെ റേഡിയോ തന്നെ ശരണം!
റേഡിയോയിൽ നിന്ന് വീണ്ടും
അറിയിപ്പ്: ചുരം വഴിയു ള്ള ഗതാഗതം തടസ്സപ്പെ ട്ടു. വാഹനങ്ങൾ തിരി ച്ചുവിടുന്നു.
തത്സമയം നാലാം വളവിൽ,
നാശം! മണ്ണിടിയാൻ കണ്ടനേരം!



വണ്ടിയിൽ ചെന്നായനും തല്ലിപ്പൊളിയും.
ഇതിൽ മുഴുവൻ വ്യാജവെളിച്ചെണ്ണയാണെന്നറിഞ്ഞാൽ.
നാട്ടുകാരും പോലീസുകാരും ചേർന്ന് നമ്മെ പഞ്ഞിക്കിടും.
തൽക്കാലം ലോറി ഇവിടെ നിർത്തി ആ ബൈക്കെടുത്ത് ചുരമിറങ്ങി സ്ഥലം വിടാം.
ഗുഡ് ഐഡിയ!
ഇരുവരും അപ്പൻ മാരുടെ ബൈക്കിൽ
വേഗം വിട്ടോ!
ചായ കുടിച്ചിറങ്ങിയ അപ്പന്മാർ ഞെട്ടി.
അണ്ണേ, നമ്മുടെ ബൈക്കെവിടെ?
ങേ! ചതിച്ചോ? ചാവിയൂരാൻ മറന്നിരുന്നു.


5
മോഷ്ടാക്കൾ താഴേക്കു പോകാനേ തരമുള്ളൂ.
യെസ് ബോസ്.
ഏമാന്മാരെ വിളിച്ചാലോ?
അതു വേണോ?
വൈകാതെ,
ഹലോ... സാർ, മിസ്റ്റർ മണ്ടപ്പൻ സ്പീക്കിംഗ്.
മോഷ്ടാക്കൾ അപ്പന്മാരുടെ ബൈക്കിലോ? ഡോണ്ട് വറി! വീ ഷാൾ!
കഷ്ടം! ഒടുക്കത്തെ ബ്ലോക്കാണല്ലോ.
ദാ വരുന്നു, അപ്പന്മാരുടെ ബൈക്ക്.
ബീ കെയർഫുൾ! നെവർ ഗിവപ്പ്!
സ്റ്റോപ്പ്!
ങേ!


ഓഹോ! ഇത് നമ്മുടെ സ്ഥിരം പുള്ളികളാണല്ലോ.
ഇവരല്ലേ നേരത്തെ ലോറിയിൽ മുകളിൽ പോയത്?
അത്... അത്... ലോറി മുകളിലുണ്ട് സാറേ.
വ്യാജ വെളിച്ചെണ്ണ കടത്തുകയോ? കൊള്ളാമല്ലോ ഹോബി!
പാവങ്ങളെ വെറുതെ വിടണേ.
ഓ അറിയാമേ! പച്ചപ്പാവങ്ങൾ!
വ്യാജകടത്തും മോഷണവും!
അപ്പന്മാർക്ക് ഏമാന്മാർ വക അഭിനന്ദനം.
യു ആർ റിയലി അമേസിംഗ്!
താങ്ക്യൂ സാർ.
നമുക്കീ ലോകത്ത് സ്വസ്ഥജീവിതം വിധിച്ചിട്ടില്ല അണ്ണേ!

ഹരീഷ് ആർ നമ്പൂതിരിപ്പാട്

'**അ**യ്യോ! മണ്ടുക്കുറുക്കൻ വരുന്നേ ഓടിക്കോ'
മുയൽക്കുട്ടികൾ ഉറക്കെ വിളിച്ചുകൂവി

ഹയ്യോ ഹയ്യോ, ഹുയ്യയ്യോ!
മണ്ടുക്കുറുക്കൻ വരുന്നുണ്ടേ.
കണ്ടാലാകെ കുഴപ്പാണേ
കാണും മുമ്പായോടിക്കോ...

ടുട്ടുമുയൽ ശബ്ദം താഴ്ത്തി പറഞ്ഞു.

'എങ്ങോട്ടോടിയാലും രക്ഷയില്ല. കാരണം, മാളത്തിലേക്കുള്ള വഴിയിലാണ് കുറുക്കന്റെ നിൽപ്പ്.' ലുട്ടു മറുപടി നൽകി.

# മുയൽപ്പനി

ബുദ്ധിമാനായ മിട്ടു ഒരു സൂത്രവിദ്യ നിർദ്ദേശിച്ചു. കൂട്ടുകാർ അത് സമ്മതിച്ചു. കുറുക്കച്ചൻ തങ്ങളെ കാണുന്നതിനു മുമ്പ് അവർ പദ്ധതി തയ്യാറാക്കി. ശേഷം മിട്ടു മണ്ടുക്കുറുക്കൻ കേൾക്കുന്ന വിധം ഉറക്കെ വിളിച്ചുപറഞ്ഞു: 'കൂട്ടുകാരേ, വേഗം വരൂ.

നമുക്ക് എത്രയും വേഗം കരടിവൈദ്യനെ കാണാൻ പോകണം.'

'അതേയതേ! നമുക്ക് പിടിപെട്ട രോഗം അപകടം പിടിച്ചതാണ്. എത്രയും വേഗം മരുന്നു കഴിച്ചില്ലെങ്കിൽ ജീവനുതന്നെ ആപത്താണ്.'

നമുക്കു മാരക പനിയാണേ
വേഗം മരുന്നു കഴിച്ചിടേണം.
ഉടനെ വൈദ്യരെ കണ്ടില്ലെങ്കിൽ
വിറച്ചു വീണു മരിച്ചീടും.

പറഞ്ഞുതീരും മുമ്പ് മുയൽക്കുട്ടികളിലൊന്ന് പിട



ഞ്ഞുപിടഞ്ഞു താഴെവീണു.
'അയ്യോ! ലല്ലുവിന്റെ കാര്യം കുഴപ്പത്തിലായി. വേഗം ഇവനെയുമെടുത്ത് വൈദ്യരുടെ അടുത്തേക്കോടാം.'

'ജീലുവിന്റെ കാര്യവും കുഴപ്പത്തിലാണ്.' മറ്റൊരാൾ പറഞ്ഞു.


അങ്ങനെ അവശരായിക്കിടക്കുന്ന മുയൽക്കുട്ടികളെ താങ്ങിപ്പിടിച്ച് കൂട്ടുകാർ മുന്നോട്ട് കുതിച്ചു.

ഇതെല്ലാം കണ്ടുംകേട്ടും അന്തംവിട്ട മണ്ടച്ചാരായ മണ്ടുക്കുറുക്കൻ മുയലുകൾ പോയിക്കഴിഞ്ഞപ്പോൾ സ്വയം പറഞ്ഞു: 'ഹാവൂ, മുയൽക്കുട്ടികളെ പിടിക്കാൻ തോന്നാതിരുന്നത് മഹാഭാഗ്യം. ഇനി കുറച്ചു ദിവസത്തേക്ക് മുയലുകളെ നോക്കുകപോലുമില്ല. മുയലുകളെ പിടിച്ച് അപകടം വരുത്തി വയ്ക്കരുതെന്ന് കൂട്ടുകാരോടെല്ലാം പറയാം.'

അങ്ങനെ ചിന്തിച്ച് കുറുക്കച്ചൻ തിരിഞ്ഞുനടന്നപ്പോഴേക്കും മുയൽക്കുട്ടികൾ സുരക്ഷിതമായി മാളങ്ങളിൽ എത്തിക്കഴിഞ്ഞിരുന്നു.


## വഴി കാണിക്കാമോ?

വഴിയറിയാതെ
കുടുങ്ങിപ്പോയ
തേനീച്ചപ്പെണ്ണിന്
തേൻ ശേഖരിക്കണം.
കൂട്ടുകാർ
സഹായിക്കാമോ?




## എണ്ണമെഴുതാം

ആകെ എണ്ണം
വൃത്തത്തിലെഴുതൂ...




## വരക്കാൻ പഠിക്കാം




1 2 3 4

## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഒരുപോലെ തോന്നുന്ന ഈ ചിത്രങ്ങൾ തമ്മിൽ
5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?





## നിറം നൽകാം

ചിത്രത്തിന് അനുയോജ്യമായ നിറം നൽകൂ.



# വിജ്ഞാനത്തിൽ വിവേചനമില്ല

ബാസിത്ത് വേങ്ങര

ഹിജ്റ മൂന്നാംനൂറ്റാണ്ടിൽ ജീവിച്ച വലിയ പണ്ഡിതനായിരുന്നു ഇമാം അബൂദാവൂദ്(റ). ചെറുപ്പം മുതൽ വിജ്ഞാനകുതുകിയായിരുന്ന മഹാൻ അധ്യാപനത്തിലും മികവ് തെളിയിച്ച മഹാനാണ്.

ഒരിക്കൽ ഇമാം അബൂദാവൂദും സേവകനും നിസ്കാരം കഴിഞ്ഞിരിക്കുമ്പോഴാണ് ആരോ വാതിലിൽ മുട്ടിയത്. സേവകൻ വാതിൽ തുറന്നു നോക്കിയപ്പോൾ നാട്ടിലെ അമീറായ അബൂഅഹ്മദുൽ മുവഫ്ഫഖാണ് വന്നിരിക്കുന്നത്.

'ഉസ്താദിനെ ഒന്നു കാണണം.' അമീർ അറിയിച്ചു. ഉസ്താദിന്റെ സമ്മതം ലഭിച്ചപ്പോൾ അമീർ അകത്തേക്കു കയറി.

'എന്താ ഈ സമയത്ത്?' ഇമാം ചോദിച്ചു.

'എനിക്ക് മൂന്നു പ്രധാന കാര്യങ്ങൾ സംസാരിക്കാനുണ്ട്.'

'ശരി, പറഞ്ഞോളൂ.'



ഇമാം അനുമതി നൽകി.

അമീർ പറഞ്ഞുതുടങ്ങി: ‘അങ്ങയുടെ അധ്യാപനം ഇവിടെ നിന്ന് ബസ്വറയിലേക്കു മാറ്റണം. കാരണം, നീഗ്രോവംശജരായ ചിലർ വന്ന് അവിടെ പ്രശ്നമുണ്ടാക്കുകയും ജനങ്ങൾ അങ്ങോട്ട് വരാതാവുകയും ചെയ്തിട്ടുണ്ട്. അങ്ങവിടെ അധ്യാപനം തുടങ്ങുകയാണെങ്കിൽ ധാരാളം പേർ അറിവുതേടി അങ്ങോട്ടെത്തുകയും ആ നാട് നന്നാവുകയും ചെയ്യും.’

‘ശരി, അങ്ങനെയാകാം. അടുത്ത കാര്യം പറഞ്ഞോളൂ....’ ഇമാം പ്രതികരിച്ചു.

‘എന്റെ മക്കൾക്ക് അങ്ങയുടെ കിതാബുസ്സുനൻ പഠിപ്പിച്ചുകൊടുക്കണം.’ അമീർ പറഞ്ഞു.

അതിനും ഇമാം സമ്മതം മൂളി.

‘മൂന്നാമത്തെ കാര്യമെന്താണ്?’ ഇമാം ആരാഞ്ഞു.

അമീർ പറഞ്ഞു: ‘എന്റെ മക്കൾക്ക് തനിച്ചായിരിക്കണം അങ്ങയുടെ ക്ലാസ്. അവർ ഭാവിയിലെ അമീറുമാരാണല്ലോ.’

മൂന്നാമത്തെ ആവശ്യം ഇമാമിന് ഇഷ്ടപ്പെട്ടില്ല. മഹാൻ തീർത്തു പറഞ്ഞു: ‘അതു പറ്റില്ല. വിജ്ഞാനത്തിൽ ഉന്നതരും താഴ്ന്നവരും എന്ന പരിഗണനയില്ല; എല്ലാവരും തുല്യരാണ്.’



# English Corner



Story Line

## Cows and the tiger

Once upon a time, there were four cows living in a farm. They were good friends. They lived together and grazed together in the forest, no tiger, lion, or other wild animals could attack them. One day, they argued with each other about something and started grazing in different places in the forest. All this was seen by a tiger lurking behind the bushes. He decided to take advantage of the opportunity. The tiger waited patiently until the cows reached their different places. Soon, the tiger killed and ate one of them. In the following days, he killed and ate all of them one by one.

Moral: Unity is strength



# പശുക്കളും കടുവയും

പണ്ടുപണ്ട് ഒരു കൃഷിയിടത്തിൽ നാല് പശുക്കൾ താമസിച്ചിരുന്നു. അവർ നല്ല സുഹൃത്തുക്കളായിരുന്നു. ഒരുമിച്ച് താമസിക്കുകയും കാട്ടിൽ ഒരുമിച്ച് മേയുകയും ചെയ്യുന്നതു കാരണം കടുവയ്ക്കോ സിംഹത്തിനോ മറ്റു വന്യമൃഗങ്ങൾക്കോ അവയെ ആക്രമിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു ദിവസം അവർ എന്തോ കാര്യത്തിൽ പരസ്പരം തർക്കിച്ചു, കാട്ടിൽ വ്യത്യസ്ത സ്ഥലങ്ങളിൽ പോയി മേയാൻ തുടങ്ങി. ഇതെല്ലാം കുറ്റിക്കാടിനപ്പുറത്ത് പതിയിരുന്ന ഒരു കടുവ കാണുന്നുണ്ടായിരുന്നു. അവസരം മുതലെടുക്കാൻ അവൻ തീരുമാനിച്ചു. പശുക്കൾ വ്യത്യസ്ത സ്ഥലങ്ങളിലേക്കെത്തുന്നതു വരെ കടുവ ക്ഷമയോടെ കാത്തിരുന്നു. വൈകാതെ, കടുവ അവയിലൊന്നിനെ കൊന്നുതിന്നു. തുടർന്നുള്ള ദിവസങ്ങളിൽ അവയെ മുഴുവൻ ഒന്നൊന്നായി കൊന്നുതിന്നു.

ഗുണപാഠം:
ഐക്യമാണ് ശക്തി

# Tenses

## 9. Simple Future Tense

The simple future tense is a tense that is used to represent an action that takes place in the future. One fact that you should keep in mind is that a simple future tense action starts and finishes in the future itself.

### Structure

**Subject + Helping verb (will) + base form of the verb + the rest of the sentence**

### Positive

- I will read the newspaper from tomorrow.

### Negative

- I will not read the newspaper from tomorrow.

  I won't read the newspaper from tomorrow.

### Interrogative

- Will I read the newspaper from tomorrow?

### Negative Interrogative

- Will I not read the newspaper from tomorrow?
- Won't I read the newspaper from tomorrow?

## Uses of Simple Future Tense

- **To represent an action that is about to happen in the near future.**
  *Eg: Danny and Sid will go to the gym in the evening.*
- **To make guesses or predictions about the future**
  *Eg: I guess the red curtain will look good for the backdrop.*
- **To express a factual statement about the future**
  *Eg: The house they are looking for will cost them a fortune.*
- **To ask questions about the future**
  *Eg: Will you be able to complete it in time?*
- **To think about future consequences, possibilities or conditions**
  *Eg: If she does not take this seriously, she will get into a lot of trouble.*
- **To Give orders or commands**
  *Eg:You will have to submit all your assignments by Monday.*

### Poem

## Frog's umbrella


Rain is falling tip... tip.... tip..
Frog is sitting with a cap
Hop.. hop.. hop..he jumps around
Splashes shining on the ground.



**Salam Thirumala**



Master
Imitable
Adil, can you suggest a book for me to read?
Which kind of book do you like?
I love all kinds of books. Especially, biographies.
Then you can select the 'Wings of fire' by A.P.J Abdul Kalam.
Oh! I have read it already.
Then, you can pick the autobiography of Mahatma Gandhi
Look this catalogue and find it.
Okay.
'The story of my experiments with truth'
Yes, that is it.


Today is October 1. Do you have any idea about the speciality of tomorrow?
Tomorrow is a holiday. Isn't it?
It's okay. Tomorrow is Gandhi Jayanthi.
Oh! I really had forgotten that.
Gandhi is the father of our nation.
Sure. Non-violence or Ahimsa was his message.
Gandhi has given us many good messages.
Teacher had reminded it in today's class.
What about making some pluck cards to display his messages?
Well. It will help students to learn more about him.
Let us find some card boards and some markers.
Okay. Let's make it colourful.

# WORD PUZZLE

Read the story
**'Cows and the Tiger'**
find the underlined words and try
to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| A | S | E | H | S | U | B |
| D | N | F | A | R | M | E |
| L | D | I | G | E | R | H |
| I | L | A | M | O | F | I |
| T | I | M | E | A | O | N |
| N | W | N | O | I | L | D |
| U | N | I | T | Y | G | S |

# Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 1 | | 3 | | 2 |
| 2 | 1 | 9 | | | 6 | 8 | | |
| 4 | 6 | | | | 7 | | | |
| | 2 | 1 | | 6 | | | 4 | |
| | | | 7 | 3 | | | | 9 |
| | | 4 | | 2 | | 7 | 8 | |
| 3 | 7 | | 6 | | | 2 | | 8 |
| 8 | 4 | | 5 | | 3 | | 1 | |
| | | | 8 | | | | | 5 |

# Name me



M



M



M

ANS: Mouse, Monkey, Mango

## Sudoku

ANSWER
**2025 September Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 5 | 3 | 8 | 2 | 4 | 7 | 9 | 1 |
| 7 | 9 | 8 | 1 | 3 | 5 | 6 | 4 | 2 |
| 4 | 2 | 1 | 9 | 6 | 7 | 5 | 3 | 8 |
| 9 | 8 | 7 | 4 | 5 | 2 | 3 | 1 | 6 |
| 2 | 4 | 6 | 3 | 7 | 1 | 8 | 5 | 9 |
| 3 | 1 | 5 | 6 | 8 | 9 | 4 | 2 | 7 |
| 5 | 6 | 2 | 7 | 9 | 3 | 1 | 8 | 4 |
| 8 | 3 | 4 | 2 | 1 | 6 | 9 | 7 | 5 |
| 1 | 7 | 9 | 5 | 4 | 8 | 2 | 6 | 3 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**